# മരിയദൂത്

A Schoenstatt Movement Publication



# സാൽട്ടിന്റെ വിവിധ അവധികാല പരിപാടികൾ

















# മരിയദൂത്

ഒരു ഷേൺസ്റ്റാട്ട് ത്രൈമാസിക

2018 മെയ് - ജൂൺ - ജൂലായ്



രക്ഷാധികാരി
**വെ. റവ. ഫാ. ജോയ് മടത്തുംപിടി** ISch

ചീഫ് എഡിറ്റർ
**ഫാ. ജോസ് പീറ്റർ അരഞ്ഞാണിയിൽ** ISch
Mob: 9400417552

എഡിറ്റർ
**ഫാ. ഷാജൻ മാണിക്യത്താൻ** ISch

സർക്കുലേഷൻ മാനേജർ
**ഫാ. ബിനോയ് പാണേൽ** ISch

എഡിറ്റോറിയൽ ബോർഡ്
**റവ. ഡോ. ജോയ് പുതുശ്ശേരി** ISch
**ഫാ. ജിജു കിലുക്കൻ** ISch
**ഫാ. ബിജോയ് കൊട്ടേക്കുടിയിൽ** ISch
**ഫാ. പ്രവീൺ വാതേലിൽ** ISch


Cover Design
**Schoenstatt**
**Media Apostolate**

## താളുകളിലൂടെ......


**ലേഖനങ്ങൾ**

സമഗ്രപരിശീലനമാകണം വിദ്യാഭ്യാസം - **ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ**

മറിയം നമ്മുടെ പരിശീലക - റവ. ഡോ. ലൂർദ്ദ് സ്റ്റീഫൻ ISch

വിദ്യതന്നെ ധനം - **ഡോ. നമിത റോസ് സി. എം. സി**

സംഗീതത്തിലൂടെ ദൈവാനുഭവത്തിലേക്ക് - **ഫാ. ബിജു അരഞ്ഞാണിയിൽ എം. എസ്. റ്റി**

നന്മയുടെ തണൽമരങ്ങൾ - **സുജമോൾ ജോസ്**

വിജയത്തിലേക്കുള്ള എളുപ്പവഴി... - **ലിജോ ജോസ് പെല്ലിശ്ശേരി**

വിവരങ്ങളല്ല, വിവേകം പകരട്ടെ വിദ്യാഭ്യാസം - **ബ്രദർ ടോംസ് കിഴക്കേവീട്ടിൽ**

വിടരുന്ന സൂനങ്ങൾ - **സി. ആഗ്നസ്** FCC

ഫാദർ ഇൻചാർജ്ജിന്റെ ഫോട്ടോ - **ബ്ര. റൊണാൾഡ് ജോർജ്ജ്** ISch

**കവിത**

പോകാം കൂട്ടുകാരേ... - **ആൻസല കുന്നത്ത്മറ്റത്തിൽ**

**കൂടാതെ...**

ചിരിക്കാൻ ചിന്തിക്കാൻ - **ജെ.കെ.**

പ്രവാചക ചരിത്രം - **ഡോ. ജോയ് പുതുശ്ശേരി** ISch

ബാലദൂത് - **ദോസ്ത്**

ഹൃദയമൊഴി - **ഡോ. ജോയ് പുതുശ്ശേരി** ISch

വാർത്താ ജാലകം



# എഡിറ്റോറിയൽ

## ഫാ. കെന്റ്ണിക്ക് എന്ന അദ്ധ്യാപകൻ

ഷേൺസ്റ്റാട്ട് പ്രസ്ഥാനങ്ങളുടെ ആരംഭക നായ ഫാ. ജോസഫ് കെന്റ്ണിക്ക്, വൈദിക നായ ആദ്യവർഷങ്ങളിൽതന്നെ ഒരു അദ്ധ്യാപ കനായിട്ടാണ് സേവനം ആരംഭിച്ചത്. 1911–ൽ യുവ വൈദികനായ അദ്ദേഹത്തെ വൈദികവി ദ്യാർത്ഥികളുടെ ജർമ്മൻ, ലാറ്റിൻ ഭാഷ അദ്ധ്യാ പകനായി നിയമിച്ചു. ഒരു അദ്ധ്യാപകനും ആത്മീയ പിതാവുമായി വിദ്യാർത്ഥികളോട് നിര ന്തരം ഇടപ്പെട്ടുകൊണ്ടിരുന്ന കെന്റ്ണിക്കച്ചൻ ആരംഭത്തിൽ തന്നെ ഒരുകാര്യം മനസ്സിലാക്കി; അത് നിലവിലുണ്ടായിരുന്ന പല കർക്കശ നിയ മങ്ങളോടും സമ്പ്രദായങ്ങളോടും വിദ്യാർത്ഥി കൾക്കുണ്ടായിരുന്ന എതിർപ്പുകളും മുറുമുറുപ്പു കളുമായിരുന്നു.

കെന്റ്ണിക്കച്ചന് ജന്മനാ കിട്ടിയ വലിയ ഒരു ഗുണമായിരുന്നു നിരീക്ഷണ ബുദ്ധി. തന്റെ വിദ്യാർത്ഥികളുടെ മനസ്സറിഞ്ഞ കെന്റ്ണിക്ക ച്ചൻ ഈ നിരീക്ഷണപാടവം ഉപയോഗിച്ചത് അവരെ വിധിക്കുവാനോ പഴിക്കുവാനോ അല്ല. മറിച്ച് ഒരു വിദ്യാർത്ഥിയുടെ സാമൂഹിക-മാന സിക- കുടുംബ പശ്ചാത്തലങ്ങളിൽ നിന്നും ഉണ്ടാകുന്ന പ്രതികൂല സാഹചര്യങ്ങളെയും കുറവുകളെയുമെല്ലാം തിരിച്ചറിയാനും അവയെ ഫലപ്രദമായി പരിഹരിക്കുവാനുമുള്ള മാർഗ്ഗ ങ്ങളെ വിദ്യാർത്ഥികളുമായി കൂടിയാലോചിച്ച് രൂപീകരിക്കുകയായിരുന്നു കെന്റ്ണിക്കച്ചന്റെ അദ്ധ്യാപന ശൈലി. വിദ്യാർത്ഥികളുമായി പര സ്പര ബഹുമാനത്തിൽ അധിഷ്ഠിതമായ ഒരു വ്യക്തി ബന്ധമാണ് കെന്റ്ണിക്കച്ചൻ വളർത്തി യെടുത്തത്. അദ്ധ്യാപകനും വിദ്യാർത്ഥികളും പരസ്പരം അകന്നു നില്ക്കുന്ന രണ്ട് വ്യത്യസ്ത ധ്രുവങ്ങളല്ല, മറിച്ച് ഒരുമിച്ച് പരിശ്ര മിക്കേണ്ടവരാണ് എന്ന അവബോധത്തിലേയ്ക്ക് വിദ്യാർത്ഥികളെ നയിച്ചു. താൻ വെറും അദ്ധ്യാ പകൻ മാത്രമല്ല, ഒരു രക്ഷാകർത്താവിന്റെയും കൂടി ഉത്തരവാദിത്വം നിർവ്വഹിക്കേണ്ടതുണ്ട് എന്നും കെന്റ്ണിക്കച്ചൻ തിരിച്ചറിഞ്ഞു.

മാറ്റങ്ങളുടെ ഈ ലോകത്ത്, സ്വതന്ത്രവും ഉറ ച്ചതുമായ തീരുമാനങ്ങൾ എടുക്കുവാൻ പ്രാപ്തി നല്കുന്നതായിരിക്കണം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന് അച്ചൻ വിശ്വസിച്ചു. ഇത്തരം ഒരു വിദ്യാഭ്യാസ ശൈലി വളർത്തികൊണ്ടുവരുവാൻ കെന്റ്ണിക്കച്ചൻ ആശ്രയം കണ്ടെത്തിയത് ഒരി ക്കലും തന്റെ മാത്രം മാനുഷിക ചിന്തയിലും കഴി വുകളിലുമായിരുന്നില്ല, മറിച്ച് ഏതൊരു കുഞ്ഞി ന്റെയും പ്രഥമ അദ്ധ്യാപിക സ്വന്തം അമ്മ തന്നെ യാണ് എന്നതുപോലെ പരിശുദ്ധ കന്യക മറി യത്തിനാണ് ഏവരെയും രൂപീകരിക്കുവാൻ സാധിക്കുന്നത് എന്ന ജീവിത അനുഭവത്തിലാ യിരുന്നു അച്ചൻ പ്രത്യാശ കണ്ടത്. ഈ ബോധ്യ ത്തിലേയ്ക്ക് വളർന്നുവന്ന വിദ്യാർത്ഥികൾ 1914–ൽ ഷേൺസ്റ്റാട്ടിലെ മാതാവിന്റെ കപ്പേള യിൽ ഒത്തുചേർന്ന് തങ്ങളെ രൂപീകരിക്കണമേ എന്ന പ്രാർത്ഥനയോടെ പരിശുദ്ധ അമ്മയ്ക്ക് സമർപ്പിച്ചു എന്നതാണ് ഷേൺസ്റ്റാട്ട് ആദ്ധ്യാത്മി കതയുടെ അടിത്തറയായി മാറിയതും.

**ജോസച്ചൻ.**

"പരി. അമ്മയുടെ സ്വാധീനത്താൽ നമ്മെ ഓരോരുത്തരെയും സ്വതന്ത്രവും ഉറച്ചതുമായ ക്രിസ്തീയ വ്യക്തിത്വങ്ങളാക്കി രൂപപ്പെടുത്തും."





# സമഗ്രപരിശീലനമാകണം വിദ്യാഭ്യാസം

ആർച്ച് ബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ

പരിസ്ഥിതിവാദം ഏറെ ഉച്ചത്തിൽ എങ്ങും മുഴങ്ങിക്കേൾക്കുന്നു. പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് എല്ലാവരും ആകുലരാണെന്നതു തന്നെ കാരണം. പരിസ്ഥിതിയെ വേണ്ട രീതിയിൽ സംരക്ഷിക്കാനായില്ലെങ്കിൽ നമ്മുടെ കഥ കഴിയുമെന്ന ചിന്ത ഇന്നു വ്യാപകമായിട്ടുണ്ട്. പരിസ്ഥിതി ഇന്ന് വിദ്യാലയങ്ങളിൽ പഠനവിഷയമാകുന്നു. സർക്കാരുകൾക്കാകട്ടെ പരിസ്ഥിതി വകുപ്പുകളുമായിക്കഴിഞ്ഞു. കെട്ടിടം പണിയുന്നതും റോഡു നിർമ്മിക്കുന്നതുമെല്ലാം പരിസ്ഥിതി വകുപ്പ് അധികാരികളുടെ അനുവാദത്തോടെ മാത്രം സാധ്യമാകുന്ന അവസ്ഥയാണു സംജാതമായിരിക്കുന്നത്. മരം മുറിക്കുന്നതും വയൽ നികത്തുന്നതും മണ്ണെടുക്കുന്നതുമെല്ലാം നിയമത്താൽത്തന്നെ നിയന്ത്രിക്കപ്പെട്ടിരിക്കുന്നു. പരിസ്ഥിതിവാദം പലപ്പോഴും വ്യവസായ വളർച്ചയ്ക്കും തടസ്സമാകുന്നുണ്ടല്ലോ.

പക്ഷേ പരിസ്ഥിതിവാദികൾ പറയുന്ന പലതും ശ്രദ്ധിക്കേണ്ടവ തന്നെയാണ്. മാലിന്യനിർമ്മാർജ്ജനം, പ്ലാസ്റ്റിക്ക് വസ്തുക്കളുടെ സംസ്ക്കരണം, വാഹനങ്ങളുടെ പുക നിയന്ത്രണം തുടങ്ങിയവയെല്ലാം അനിവാര്യമാണെന്നു പറയാം. ഭക്ഷ്യവസ്തുക്കളിലെ മായം ചേർക്കൽ തീർച്ചയായും തടയപ്പെടേണ്ടതും ജൈവകൃഷി പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുമാണ്. ഭൗതികമായ സുസ്ഥിതിയ്ക്ക് ഇവയെല്ലാം കൂടിയേ തീരൂ. ഭൗതിക സുസ്ഥിതി ഭൗതിക പരിസ്ഥിതിയെ ആശ്രയിച്ചിരിക്കുന്നു എന്ന് പറയുന്നതിൽ തെറ്റില്ല. എന്നാൽ അതുകൊണ്ടു മാത്രം മനുഷ്യനു സുസ്ഥിതിയുണ്ടാകുമോ?



**മാനുഷികപരിസ്ഥിതി**

ഭൗതികസാഹചര്യങ്ങൾ സൃഷ്ടിക്കുന്ന സ്ഥിതിവിശേഷത്തെക്കാൾ സുപ്രധാനമാണ് ഒരു പക്ഷേ ചുറ്റുപാടുമുള്ള മനുഷ്യർ സൃഷ്ടിക്കുന്ന ധാർമ്മികപരിസ്ഥിതിയെന്നു പറയേണ്ടിയിരിക്കുന്നു. ചുറ്റുപാടുമുള്ളവരെല്ലാം ദൈവവിശ്വാസം പുലർത്തുന്നവരാണെങ്കിൽ ദൈവവിശ്വാസത്തിൽ ജീവിക്കുകയെന്നതു കൂടുതൽ എളുപ്പമായിരിക്കും. അതുപോലെതന്നെ ചുറ്റുമുള്ളവരെല്ലാം ഉയർന്ന ധാർമ്മികനിലവാരം പുലർത്തുന്നവരാണെങ്കിൽ ഒരുവനു ധാർമ്മികതകാത്തുപാലിക്കുക എളുപ്പമായിരിക്കും. ചുറ്റുമുള്ള മനുഷ്യരുടെ ഭാഷയും മര്യാദകളുമാണല്ലോ സാധാരണയായി നാം പുലർത്തുക.

വാസ്തവത്തിൽ ഭൗതികരംഗത്ത് ഏറെ പുരോഗതി കൈവന്നിട്ടുണ്ട്. ഭൗതികമായ

പരിസ്ഥിതി പ്രശ്നങ്ങൾ ഏറിയിട്ടുണ്ടെങ്കിലും ജീവിതസൗകര്യങ്ങൾ പഴയകാലത്തെ അപേക്ഷിച്ച് വളരെയേറെ വർദ്ധിച്ചിട്ടുണ്ടെന്നതിൽ സംശയമില്ല. ശാസ്ത്രസാങ്കേതികവിദ്യകൾ ഇന്ന് മനുഷ്യജീവിതത്തെ ഏറെ സുഗമമാക്കിയിട്ടുണ്ട്. യാത്രാസൗകര്യങ്ങൾ, ആശയവിനിമയമാർഗങ്ങൾ, ചികിത്സാ സൗകര്യങ്ങൾ, ഭക്ഷ്യവിഭവങ്ങൾ തുടങ്ങിയവയെല്ലാം വളരെയേറെ മെച്ചപ്പെട്ടുവെന്ന് അംഗീകരിച്ചേതീരൂ. കഴിഞ്ഞ നൂറ്റാണ്ടുകളിലേതിനേക്കാൾ ഭൗതികസൗകര്യങ്ങൾ വർദ്ധിച്ചിട്ടുണ്ടെന്നതാണു വസ്തുത. ഇതെല്ലാം നിലനില്ക്കുമോ എന്ന ഭീഷണിയുണ്ടെങ്കിലും ഉണ്ടായിട്ടുള്ള ഭൗതികനേട്ടങ്ങൾ നമുക്കു തള്ളിക്കളയാനാവില്ല.




പക്ഷേ മാനവപരിസ്ഥിതിയിൽ നാം പിറകോട്ടാണെന്നു പറഞ്ഞാൽ നിഷേധിക്കാനെളുപ്പമല്ല, സത്യസന്ധതയിലും നീതിബോധത്തിലും മാനുഷിക ഇടപെടലുകളുടെ മാന്യതയിലുമെല്ലാം നാം പിന്നോട്ടുപോവുകയല്ലേ? എല്ലാ ദിവസവും മാധ്യമങ്ങളിലൂടെ ഒഴുകിവരുന്ന വാർത്തകൾ നമ്മെ ഞെട്ടിക്കുന്നവയാണ്. കൊലപാതകങ്ങൾ, ബലാത്സംഗങ്ങൾ, ഭീകരപ്രവർത്തനങ്ങൾ, തട്ടിപ്പുകൾ തുടങ്ങിയ വാർത്തകളാണല്ലോ നിത്യേന നമ്മുടെ ശ്രദ്ധയിൽപ്പെടുന്നത്. നിയമപാലകർ പോലും ഈ നീർച്ചുഴിയിലാകുന്ന സംഭവങ്ങളും ദിവസേന നമ്മുടെ മുൻപിലുണ്ട്. നമ്മുടെ സമൂഹത്തിന്റെ ധാർമ്മികനിലവാരം തകരുന്നുവെന്നതിന്റെ സാക്ഷ്യങ്ങളാണിവയെല്ലാം.

**വിദ്യാലയങ്ങളുടെ പങ്ക്**

ഇക്കാര്യത്തിൽ നമ്മുടെ വിദ്യാലയങ്ങളും സജീവമായി രംഗത്തുണ്ട്. വിദ്യാലയങ്ങളെ ഹരിതകേന്ദ്രങ്ങളാക്കാനാണ് പലരുടെയും ശ്രമം. പരിസ്ഥിതിബോധം വളർത്തിയെടുക്കാനുള്ള ശ്രമങ്ങൾ നല്ലതുതന്നെ. ഭൗതിക പരിസ്ഥിതി മനുഷ്യജീവിതത്തിനും മനുഷ്യപ്രയാണത്തിനും സഹായകമായ രീതിയിൽ ക്രമപ്പെടുത്തുന്നത് തീർച്ചയായും അഭിനന്ദനീയമാണ്.

പക്ഷേ ധർമ്മച്യുതി മനുഷ്യവംശത്തിന്റെ ശൈഥില്യത്തിനു അതിലും വേഗം വഴിയൊരുക്കുമെന്നതു വിസ്മരിക്കാനാവില്ല. വിദ്യാലയങ്ങൾ ശാസ്ത്രസാങ്കേതികരംഗത്തെ അറിവുകൾ പകർന്നുകൊടുക്കുന്നതിലും കായിക-വിനോദപരിപാടികൾക്കുമൊക്കെ പ്രാധാന്യം നല്കുന്നു. വിദ്യാലയങ്ങളെ വിലയിരുത്തുന്നതിൽ ധാർമ്മികബോധനവും ബന്ധപ്പെട്ട കാര്യങ്ങളും കണക്കിലെടുക്കുന്നതേയില്ല. ബൗദ്ധികരംഗത്തു മാത്രമാണു വിദ്യാലയങ്ങളുടെ ശ്രദ്ധയിന്നു കേന്ദ്രീകരിച്ചിരിക്കുന്നതെന്നു പറയാം.

ഹൃദയത്തോടു ബന്ധപ്പെടുത്തിയാണ് നാം ധാർമ്മികപ്രശ്നങ്ങളെ കാണുക. നന്മയുടെയും തിന്മയുടെയും ഉറവിടം ഹൃദയമാണെന്ന ശൈലിയാണു നമുക്കു സുപരിചിതമായിട്ടുള്ളത്. ഈശോ തന്നെയും പറഞ്ഞത് വായിൽ നിന്നു വരുന്നവ ഹൃദയത്തിൽ നിന്നാണു പുറപ്പെടുക. അവയാണ് മനുഷ്യനെ അശുദ്ധനാക്കുന്നത്. ദുഷ്ടവിചാരങ്ങൾ, കൊലപാതകം, വ്യഭിചാരം, അവിഹിതബന്ധം, കളവ്,

കള്ളസാക്ഷ്യം, ദൈവദൂഷണം എന്നിവ ഹൃദയത്തിൽ നിന്നാണു പുറപ്പെടുന്നത്. ഇവയാണ് മനുഷ്യനെ അശുദ്ധനാക്കുന്നതും (മത്താ. 15, 18-19). മറ്റു വാക്കുകളിൽ പറഞ്ഞാൽ ധാർമ്മികതയെ നിയന്ത്രിക്കുന്ന ഘടകം ഹൃദയമാണെന്നു പറയേണ്ടി വരും. ബൗദ്ധികശേഷിയേക്കാൾ മനുഷ്യനെ പലപ്പോഴും വിലയിരുത്തുന്നത് ധാർമ്മികതയുടെ അടിസ്ഥാനത്തിലാണല്ലോ. ഹൃദയമാണ് ഒരുവിധത്തിൽ മാനവികതയും അങ്ങനെ ധാർമ്മികതയും രൂപപ്പെടുത്തുന്നത്. ഇന്ന് ധാർമ്മികപരിസ്ഥിതിയാണ് ഭൗതികപരിസ്ഥിതിയേക്കാൾ ഏറെ അപകടത്തിലായിരിക്കുന്നത്.

**എങ്ങനെ മറികടക്കാം ?**

ബുദ്ധിയുടെ വികാസത്തിനും അറിവിന്റെ ശേഖരണത്തിനുമാണ് നാമിന്നു വിദ്യാഭ്യാസത്തിലൂടെ ശ്രമിക്കുക. അതിനപ്പുറത്ത് ഹൃദയത്തിന്റെ നല്ല ഭാവങ്ങളെ വളർത്താനും ധാർമ്മികപരിശീലനം നല്കാനുമാണ് നാം കൂടുതൽ യത്നിക്കേണ്ടത്. ഹൃദയനവീകരണത്തിനു ദൈവവിശ്വാസമാണ് അടിസ്ഥാനമായി വരേണ്ടത്. നന്മ-തിന്മകളെ വിവേചിച്ചറിയാൻ സർവ്വനന്മസ്വരൂപനായ ദൈവത്തിന്റെ ഹിതമാണ് മാനദണ്ഡം. ഒരു കാലത്ത് നമ്മുടെ വിദ്യാലയങ്ങളിൽ മതബോധനത്തിനു പ്രാധാന്യം നല്കിയിരുന്നു. പക്ഷേ നമ്മുടെ വിദ്യാലയങ്ങളുടെ അന്തരീക്ഷവും ബോധനരീതികളും ഇന്നു വിശ്വാസപോഷണത്തിനു സഹായകമാകുന്നില്ലയെന്നു പരാതിയുണ്ട്. ഇന്നു ഭൗതികവിജ്ഞാനം ശേഖരിക്കുവാനും ഭൗതികശേഷി വർദ്ധിപ്പിക്കാനുമാണ് മിക്കവരുടെയും ശ്രദ്ധ.




ബൗദ്ധികമായ വളർച്ചയും നേട്ടങ്ങളും ആവശ്യമാണെന്നതിൽ തർക്കമില്ല. പക്ഷേ ഹൃദയത്തിന്റെ നന്മയിലുള്ള പരിശീലനം അതിലേറെ പ്രാധാന്യം അർഹിക്കുന്നുണ്ട്. ദൈവഹിതം ദൈവത്തെ സ്നേഹിക്കണമെന്നു മാത്രമല്ല, മറ്റു മനുഷ്യരുമായി ഐക്യത്തിൽ കഴിയണമെന്നു മാണ്. നീതിയിലും സത്യത്തിലുമെല്ലാം മാനുഷികബന്ധങ്ങൾ പുലർത്താൻ നമുക്കു കഴിയണം. ഇന്നു സമൂഹത്തിൽ കാണുന്ന വമ്പിച്ച അസമത്വത്തിന്റെ പശ്ചാത്തലത്തിൽ പാവപ്പെട്ടവരുടെ പക്ഷം ചേരാനും സത്യവും നീതിയും നിറഞ്ഞ ഒരു സമൂഹത്തെ കെട്ടിപ്പടുക്കുവാനും നമുക്കു ചുമതലയുണ്ട്. ഹൃദയത്തിന്റെ തുറവിയാണു നമുക്കിന്നാവശ്യം. അതിനുള്ള പരിശീലനമാണു നമ്മുടെ വിദ്യാലയങ്ങൾ പ്രദാനം ചെയ്യേണ്ടത്. സാമൂഹ്യ പ്രതിബദ്ധതയ്ക്കും കാരുണ്യപ്രവൃത്തികൾക്കുമെല്ലാം ഹൃദയവിശാലതയാണാവശ്യം. അതിനുള്ള പ്രേരണയും പ്രോത്സാഹനവും വിദ്യാഭ്യാസത്തിലൂടെ ലഭ്യമാകണം.

ധാർമ്മികബോധം തകരുകയും അധാർമ്മികത പടരുകയും ചെയ്യുന്ന ഇക്കാലത്ത് ഹൃദയത്തിന്റെ തുറവിയാണാവശ്യം. ഭൗതികപരിസ്ഥിതിയിൽ ശ്രദ്ധിക്കുന്നതിലേറെ മാനവപരിസ്ഥിതി ഭദ്രമാക്കാനുള്ള ശ്രമങ്ങളാണുണ്ടാവേണ്ടത്. അതിനാൽ വിദ്യാഭ്യാസപ്രക്രിയ ഹൃദയങ്ങളുടെ പരിചരണത്തിൽ ശ്രദ്ധയൂന്നുകയെന്നതാണു പരമപ്രധാനം. ●

# മറിയം നമ്മുടെ പരിശീലക



റവ. ഫാ. ഡോ. ലൂർദ്ദ് സ്റ്റീഫൻ (ISch)

ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ അടിസ്ഥാനമായി നിലകൊള്ളുന്നതാണ് അതിന്റെ പരിശീലന മാതൃക. അതിനാൽ തന്നെ പരിശീലനത്തിന്റെയും പരിശീലകരുടേയും ഒരു പ്രസ്ഥാനമായി ഷേൺസ്റ്റാട്ട് അറിയപ്പെടുന്നു. പല സന്ദർഭങ്ങളിലായി ഷേൺസ്റ്റാട്ട് സ്ഥാപകനായ കെന്റണിക്കച്ചൻ പരിശീനലത്തെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാടുകൾ വിവരിക്കുന്നുണ്ട്. “ഒരുവന്റെ തനിമയേയും വ്യക്തിത്വത്തേയും നിസ്വാർത്ഥമായി ശുശ്രൂഷിക്കുക അല്ലെങ്കിൽ ഓരോ വ്യക്തിക്കും ദൈവം നൽകിയിരിക്കുന്ന മഹനീയമായ ജീവിതത്തെ നിസ്വാർത്ഥമായി സേവിക്കുക” എന്നതാണ് രൂപീകരണം അഥവാ പരിശീലനമായി കെന്റണിക്കച്ചൻ നിർവ്വചിക്കുന്നത്.

ആഗോള കത്തോലിക്ക നവീകരണ പ്രസ്ഥാനമായ ഷേൺസ്റ്റാട്ടിന്റെ സ്ഥാപകനും പിതാവുമായ ജോസഫ് കെന്റണിക്കച്ചൻ ജർമ്മനിയിലെ കൊളോണിനടുത്തുള്ള ഗിംനിക്കിൽ 1885-ൽ ഭൂജാതനായി. പള്ളോട്ടിൻ വൈദിക വിദ്യാർത്ഥികളുടെ ആദ്ധ്യാത്മിക പിതാവായി 1912-ൽ നിയമിതനായപ്പോൾ തന്നെ അദ്ദേഹത്തിന് വ്യക്തമായ പരിശീലന ലക്ഷ്യങ്ങൾ ഉണ്ടായിരുന്നു. “ലോകത്തിൽ അനുദിന ജീവിതവിശുദ്ധി ഉന്നം വയ്ക്കുന്ന ഉറച്ചതും സ്വതന്ത്ര്യവുമായ നേതൃത്വ വ്യക്തിത്വങ്ങളായി യുവതലമുറയെ മാറ്റുക”. സ്വയം രൂപീകരണത്തിലൂടെയും മറിയത്തെ അമ്മയായും പരിശീലകയായും സ്വീകരിക്കുന്നതിലൂടെയും ഈ ലക്ഷ്യം നേടിയെടുക്കുവാൻ യുവതലമുറയെ അദ്ദേഹം പ്രചോദിപ്പിച്ചു.

തന്റെ ആത്മീയ മാതൃത്വത്തിൽ നിന്ന് ഉരിത്തിരിയുന്ന പരിശീലക എന്നതാണ് മറിയത്തിന്റെ ഏറ്റവും വലിയ ദൗത്യമായി കെന്റണിക്കച്ചൻ കണ്ടത്. ഒരു അമ്മയ്ക്ക് ദ്വിവിധ ദൗത്യങ്ങളാണ് ഉള്ളത്. അമ്മയാവുക അതോടൊപ്പം തന്നെ തന്റെ മക്കളെ പരിശീലിപ്പിക്കുക. ക്രിസ്തുവിന്റെ മൗലിക ശരീരവുമായി ബന്ധപ്പെട്ട് മറിയത്തിന്റെ മാതൃത്വത്തിന്റെ മാനുഷികവും രക്ഷാകരവുമായ പങ്കിന്റെ അടിസ്ഥാന പ്രാധാന്യം പരിശീലക എന്ന നിലയിൽ മറിയത്തിന്റെ ഉത്തരവാദിത്വത്തിൽ സമന്വയിക്കുന്നു.

**പരിശീലക എന്ന നിലയിൽ ഷേൺസ്റ്റാട്ടിൽ മറിയത്തിന്റെ ആവിർഭാവം**

പരിശീലക എന്ന നിലയിൽ മറിയത്തിന്റെ സ്ഥാനത്തിന് കെന്റണിക്കച്ചൻ നൽകിയിരുന്ന പ്രാധാന്യത്തിന് ഷേൺസ്റ്റാട്ടിന്റെ ആരംഭത്തോളം പഴക്കമുണ്ട്. 1967-ൽ കെന്റണിക്കച്ചൻ ഇപ്രകാരം പറഞ്ഞു. “ദൈവരാജ്യത്തിന്റെ പരിശീലക എന്ന നിലയിൽ മറിയത്തിന്റെ ദൗത്യം എനിക്ക് വ്യക്തമായതിനു ശേഷം ഈ കാഴ്ചപ്പാട് ഞാനൊരിക്കലും തള്ളിക്കളഞ്ഞിട്ടില്ല. സൃഷ്ടിയുടെ വസ്തുനിഷ്ഠമായ ക്രമം ചുമതലപ്പെട്ട പരിശീലകയായ, ശ്രേഷ്ഠ മിഷനറിയായ മറിയത്തിലേക്ക് നിരന്തരമായി വിരൽ ചൂണ്ടുന്നു എന്നത് എനിക്ക് വളരെ സ്പഷ്ടമായിരുന്നു” 1912 ലെ സകല വിശുദ്ധരുടേയും തിരുനാൾ ദിനത്തിലാണ് പരിശുദ്ധ അമ്മയെപ്പറ്റി പരിശീലകയായി കെന്റണിക്കച്ചൻ പരാമർശിച്ചത്. സകല വിശുദ്ധരുടേയും പരിശീലകയായി സഭ പരിശുദ്ധ അമ്മയെ അംഗീകരിച്ചതുപോലെ അഭിനവ വിശുദ്ധരാകുന്ന ഏവരുടേയും പരിശീലകയായി





മരിയം അംഗീകരിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യേണ്ടതുണ്ടെന്ന് കെന്റണിക്കച്ചൻ വിശദീകരിച്ചു. രണ്ടു വർഷങ്ങൾക്കുശേഷം 1914 ഏപ്രിൽ 19-ന് ഷേൺസ്റ്റാട്ടിൽ മരിയൻ സൊഡാലിറ്റിയുടെ സ്ഥാപനാവസരത്തിൽ തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരുന്നവരോട് തങ്ങളുടെ നായികയും പരിശീലകയുമായി മറിയത്തെ സ്വീകരിക്കുവാൻ കെന്റണിക്കച്ചൻ പ്രോത്സാഹിപ്പിക്കുകയുണ്ടായി. “നമ്മുടെ കർത്താവിന്റെ അമ്മയും തഴക്കം ചെന്ന പരിശീലകയുമായ മറിയത്തേക്കാൾ ശ്രേഷ്ഠയായ ഒരു നേതാവിനെ നമുക്ക് അഭിലഷിക്കാനാവുമോ! മറിയം നമ്മെ നയിക്കുകയാണ്, വഹിക്കുകയല്ല. അലസമായ നിഷ്ക്രിയത്വം മാതാവ് കാംഷിക്കുന്നില്ല. മറിയം നമുക്ക് തെളിക്കുന്ന വഴി പ്രതിബന്ധങ്ങൾ നിറഞ്ഞതാണ്. ദൈവിക പദ്ധതിയിൽ അന്തർലീനമായ നമ്മുടെ മാനവികതയുടെയും ധീരോദത്തതയുടെയും പൂർണ്ണമായ വികാസത്തിലാണ് മറിയത്തിന്റെ ക്രിയാത്മകമായ പങ്ക് ഉൾചേർന്നിരിക്കുന്നത്”

നീണ്ട പതിനഞ്ചു വർഷങ്ങൾക്കുശേഷം 1929-ൽ പരിശുദ്ധകന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാൾ ദിനത്തിലാണ് കെന്റണിക്കച്ചൻ പരിശുദ്ധ അമ്മയെ താൻ കന്യകയും അമ്മയും ആയിരിക്കുകവഴി മനുഷ്യകുലത്തിന്റെ മഹത്തായ പരിശീലകയും നൂതനവ്യക്തിത്വത്തിന്റെ സമ്പൂർണ്ണ മാതൃകയുമായി പ്രഖ്യാപിക്കുകയും ചെയ്തത്. 1973-ൽ സ്വിസ്റ്റർലാന്റിലെ ബെത്‌ലഹേം വൈദിക സമൂഹത്തിനു നൽകിയ ധ്യാനത്തിന്റെ സമാപനത്തിൽ മരിയൻ സമർപ്പണം നവീകരിക്കുവാൻ തയ്യാറായ വൈദികരോട് പരിശുദ്ധ അമ്മയെ തങ്ങളുടെ പരിശീലകയും അമ്മയുമായി തിരഞ്ഞെടുക്കുവാൻ കെന്റണിക്കച്ചൻ ആഹ്വാനം ചെയ്യുകയുണ്ടായി. 1949-ൽ ചിലിയിലെ സാന്തിയാഗോയിലുള്ള ഷേൺസ്റ്റാട്ട് കപ്പേള ആശീർവദിക്കപ്പെട്ട അവസരത്തിൽ ചിലിയൻ ജനതയുടെ പരിശീലകയായി പരിശുദ്ധ അമ്മ മാറുമെന്ന് അവിടെ സന്നിഹിതരായിരുന്ന ഷേൺസ്റ്റാട്ട് കുടുംബാംഗങ്ങളോട് കെന്റണിക്കച്ചൻ പറയുകയുണ്ടായി. സമുദ്രനിരപ്പിൽ നിന്നും 2885 അടി ഉയരത്തിൽ സാന്തിയാഗോ പട്ടണത്തിന്റെ അടയാളമായി സ്ഥിതി ചെയ്യുന്ന അമലോത്ഭവ മാതാവിന്റെ പ്രതിമ ചൂണ്ടി കാണിച്ചുകൊണ്ട്, അമലോത്ഭവത്തിന്റെ പ്രതിബിംബങ്ങളായി മാറുകയെന്നതാണ് പരിശുദ്ധ അമ്മയുടെ പരിശീലനത്തിന്റെ ലക്ഷ്യമെന്ന് കെന്റണിക്കച്ചൻ പ്രഖ്യാപിച്ചു. 1950 മുതൽ കെന്റണിക്കച്ചന്റെ പ്രഭാഷണങ്ങളുടേയും എഴുത്തുകളുടേയും പ്രധാനപ്പെട്ട ഒരു വിഷയം പരിശീലകയായ മറിയം എന്നതായിരുന്നു. 1950-ൽ നടത്തിയ ഒരു പ്രഭാഷണത്തിൽ ദൈവത്തിന്റെ ഉപകരണമെന്ന നിലയിൽ പരിശീലകരായി ശുശ്രൂഷ ചെയ്യുവാൻ തന്റെ ശ്രോതാക്കളെ കെന്റണിക്കച്ചൻ ആഹ്വാനം ചെയ്തു. ദൈവമാതാവായിരിക്കണം അവരുടെ മാതൃകയും സഹായിയും.

“സജീവദൈവത്തിലും ക്രിസ്തുവിലും ആശ്രയിച്ചുകൊണ്ട് എല്ലാ ജനതകൾക്കും വേണ്ടിയുള്ള പരിശീലകയായിരിക്കുക എന്നത് ദൈവത്തിന്റെ ഏറ്റവും ശ്രേഷ്ഠമായ ഉപകരണമെന്ന നിലയിൽ പരിശുദ്ധ അമ്മയുടെ മഹനീയമായ ദൗത്യവും കർത്തവ്യവുമാണ്. മഹതിയായ പരിശീലകയായ അവൾ ആന്തരിക പരിവർത്തനത്തിന്റെയും രൂപീകരണത്തിന്റേയും അത്ഭുതങ്ങൾ പ്രവർത്തിക്കും. നാമും അവളുടെ സംരക്ഷണക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നു. അവളാണ് നമ്മുടെ പരിശീലക”

പിന്നീട് ഒരു വർഷത്തിനുശേഷം താൻ പ്രവാസത്തിനു പോകും മുമ്പായി നടത്തിയ കോൺഫറൻസിൽ മറിയം പരിശീലകയാണെന്ന് കെന്റണിക്കച്ചൻ ആവർത്തിക്കുകയുണ്ടായി. സ്ഥാപകനിൽ നിന്ന് വേർപ്പെട്ട് ഭാവി അനിശ്ചിതത്വത്തിൽ ആയപ്പോൾപോലും ഷേൺസ്റ്റാട്ടിൽ സജീവമായ അനുപമയായ പരിശീലകയായ മറിയത്തോട് വിശ്വസ്തരായിരിക്കാൻ ഷേൺസ്റ്റാട്ട് കുടുംബാംഗങ്ങളോട് കെന്റണിക്കച്ചൻ ആഹ്വാനം ചെയ്തു. പരിശുദ്ധ അമ്മയുടെ പരിശീലന പ്രവർത്തി പ്രസാദവരനാഥയായി ഷേൺസ്റ്റാട്ടിൽ വസിച്ചുകൊണ്ട് സകല ജനപഥത്തിന്റെയും

പരിശീലകയായിരിക്കുക എന്നത് മറിയം നമുക്ക് നൽകുന്ന നൈസർഗിക ദാനമാണെന്ന് കെന്റ ണിക്കച്ചൻ ഉറച്ചു വിശ്വസിച്ചു. രണ്ടാഴ്ചകൾക്കു ശേഷം സ്വിസ്റ്റർലാൻഡിൽ തന്റെ പ്രവാസ സ്ഥലം കാത്തിരിക്കുന്ന അവസരമാണ് പരി ശുദ്ധ സിംഹാസനത്തിൽ തന്റെ ഉത്തരവാദിത്വ മുണ്ടായിരുന്ന ഫാ. ബെയക്ക് എഴുതിയ വിശ ദീകരണ കുറിപ്പിൽ ഷേൺസ്റ്റാട്ടിൽ പരിശീലക എന്ന നിലയിലുള്ള മറിയത്തിന്റെ പങ്കിനെപ്പറ്റി യുള്ള തന്റെ കാഴ്ചപ്പാടിനെ കുറിച്ച് കെന്റണി ക്കച്ചൻ ഇപ്രകാരം പ്രതിപാദിക്കുകയുണ്ടായി.

"ആമുഖ സ്ഥാപകരേഖയിൽ സ്വയം രൂപീ കരണത്തിന് ഊന്നൽ കൊടുക്കുകയും ദൈവ മാതാവിനെ നമ്മുടെ സംരക്ഷകയായി നമ്മൾ തിരഞ്ഞെടുക്കുകയും ചെയ്തു. മരിയൻ കോൺഗ്രിഗേഷൻ ദൈവമാതാവിൽ കേന്ദ്രീകൃ തമായി. പുതിയ ദൈവീക പദ്ധതിയനുസരിച്ച് രക്ഷാകരകർമ്മത്തിൽ കർത്താവിന്റെ നിത്യസ ഹായിയായി ദൈവമാതാവ് അവരോധിക്കപ്പെടു മെന്ന് നമുക്ക് അനുമാനിക്കാവുന്നതാണ്. ഈ പദ്ധതിയനുസരിച്ച് പരിശീലക എന്ന് നമുക്ക് മറി യത്തെ വിളിക്കാം. നാം ആരംഭിച്ച സ്വയം രൂപീ കരണപദ്ധതി ഷേൺസ്റ്റാട്ടിലെ തന്റെ പ്രവർത്ത നത്തിലൂടെ പരിശീലകയായി പരിശുദ്ധ അമ്മ മകുടം ചൂടുന്നു.

യു.എസിലേക്കുള്ള തന്റെ പ്രവാസ മാർഗ മദ്ധ്യേ സൗത്ത് അമേരിക്കയിലെ പള്ളോട്ടൈൻ സമൂഹത്തിന്റെ വിവിധ പ്രവിശ്യകളിലെ അധി കാരികൾക്ക് നൽകിയ ധ്യാനങ്ങളിൽ ഷേൺസ്റ്റാട്ട് കപ്പേളയിലെ മറിയത്തിന്റെ പരിശീ ലക എന്ന നിലയിലുള്ള പ്രാധാന്യത്തെയും ഫലപ്രാപ്തിയെയും വിശദീകരിക്കുകയുണ്ടായി. "ഇക്കഴിഞ്ഞ നാളുകളിൽ സ്ഥാപകരേഖ പരി ശോധിക്കുവാനുള്ള അവസരം എനിക്ക് ലഭിക്കു കയുണ്ടായി. ദൈവമാതാവ് വളരെ സ്പഷ്ടമായും വ്യക്തമായും നമ്മോട് സംസാരിക്കുന്നു. ഞാൻ നിങ്ങളുടെ ആഗ്രഹങ്ങൾ സഫലീകരിക്കും. നിങ്ങ ളോടൊപ്പം വസിക്കുന്നത് എനിക്ക് ആനന്ദം നൽകുന്നു. പ്രയോജനപ്രദമായ ഉപകരണങ്ങളാ കുവാൻ യുവഹൃദയങ്ങളെ ഞാൻ എന്നിലേക്ക് അടുപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യും. എത്രവേഗമാണ് നാം നമ്മെത്തന്നെ അമ്മ, പരി ശീലക എന്നീ വാക്കുകളോട് പൊരുത്തപ്പെട്ട തെന്ന് കണ്ടാലും. പരിശുദ്ധ അമ്മ തന്റെ പരി ശീലന പ്രക്രിയയിൽ ഉൾക്കൊണ്ടിരിക്കുന്ന അമൂർത്തികരണത്തിന്റെയും സഹായത്തിന്റേതു മായ ദ്വിവിഭവങ്ങളായ കടമകളെ നാമിവിടെ കാണുന്നു. അതുകൊണ്ടാണ് തുടക്കം മുതൽ തന്നെ നാം പറഞ്ഞത് 'ഇതാ നിന്റെ അമ്മ, ഇതാ നിന്റെ പരിശീലക' "

രണ്ടുവർഷങ്ങൾക്കുശേഷം പരിശുദ്ധ കന്യാമറിയം പരിശീലക എന്നുള്ള ഷേൺസ്റ്റാട്ട് കാഴ്ചപ്പാട് സാന്ദർഭികമായി പ്രതിപാദിക്കുവാ നുള്ള അവസരം കെന്റണിക്കച്ചന് ലഭിച്ചു. മറിയം അമ്മയും പരിശീലകയും എന്ന വിഷയത്തെക്കു റിച്ച് ഏതാനും പ്രസംഗങ്ങൾ കെന്റണിക്കച്ചൻ എഴുതുകയുണ്ടായി. മരിയൻ വർഷമായ 1954–ലെ നോമ്പുകാലത്തിലാണ് അവ ആദ്യമായി തയ്യാ റാക്കപ്പെട്ടത്.

ദൈവത്തിന്റെയും സഭയുടേയും മാതാവും ആധുനികതയിലെ സംഘർഷവേളയിലെ പരിശീ ലകയുമായ മറിയത്തിന്റെ പങ്കിനെക്കുറിച്ചുള്ള കെന്റണിക്കച്ചന്റെ ധാരണകളുടെ വിശാലമായ ഒരു അവലോകനം ഈ പ്രസംഗങ്ങളിൽ കാണാം. ഇതിനുശേഷം നടത്തിയ എല്ലാം പ്രസംഗങ്ങ ളിലും തന്നെ മറിയം പരിശീലക എന്ന് വ്യക്ത മായി കെന്റണിക്കച്ചൻ പരാമർശിക്കുന്നു. തന്റെ വേർപാടിന് ഒരാഴ്ചക്കുമുമ്പു നൽകിയ സന്ദേശ ത്തിൽപോലും ഉത്തരാധുനിക കാലഘട്ടത്തിൽ ഷേൺസ്റ്റാട്ട് കുടുംബം സമീപിക്കേണ്ട പരിശീല കയാണ് മറിയമെന്ന് നാലു തവണ പ്രതിപാദി ക്കുകയുണ്ടായി. ■

Mary Our Educator എന്ന ഇംഗ്ലീഷ് ലേഖനത്തിന്റെ പരിഭാഷ തയ്യാറാക്കിയത്
ഫാ. ബിജോയ് കൊട്ടേക്കുടിയിൽ ISch

'ദൈവപിതാവിന്റെ മഹത്വത്തിനായി എന്നെ ഒരു ജീവിക്കുന്ന കപ്പേളയാക്കി മാറ്റേണമേ."





# വിദ്യതന്നെ ധനം

**ഡോ. സി. നമിത റോസ് സി.എം.സി**
വിമല കോളേജ്, തൃശ്ശൂർ

വിനോദസഞ്ചാരികളുമായി പോയ യാത്രക്കപ്പൽ അടുത്ത തുറമുഖത്തുവെച്ച് കേടായി. കപ്പലിലുണ്ടായിരുന്ന എഞ്ചിനീയർമാർ കിണഞ്ഞു പരിശ്രമിച്ചിട്ടും തകരാർ കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. രണ്ടു ദിവസം കഴിഞ്ഞപ്പോൾ പ്രശസ്തനായ മെക്കാനിക്ക് എത്തി. കപ്പലിന്റെ എഞ്ചിൻ വിശദമായി പരിശോധിച്ചശേഷം അദ്ദേഹം തന്റെ സഞ്ചിയിലുണ്ടായിരുന്ന ചുറ്റികയെടുത്ത് രണ്ടുപ്രാവശ്യം ആഞ്ഞിടിച്ചു. അതോടെ കപ്പൽ പ്രവർത്തിക്കാൻ തുടങ്ങി. ഏതാനും ദിവസം കഴിഞ്ഞപ്പോൾ പതിനായിരം രൂപയുടെ ബിൽ കപ്പൽ കമ്പനിക്കു ലഭിച്ചു. കമ്പനി അധികൃതർ വിശദമായ ബില്ല് ആവശ്യപ്പെട്ടു. രണ്ടു പ്രാവശ്യം ഇടിച്ചതിന് പതിനായിരം രൂപയെന്തിന് എന്നതായിരുന്നു കമ്പനിയെ അത്ഭുതപ്പെടുത്തിയത്. അധികം വൈകാതെ വിശദമായ ബില്ല് അയാൾ കമ്പനിക്ക് അയച്ചുകൊടുത്തു. അതിൽ ഇങ്ങനെ എഴുതിയിരുന്നു; ഇടിച്ചതിന് ഫീസ് ഇരുന്നൂറുരൂപ, എവിടെ ഇടിക്കണമെന്നുള്ള അറിവിന് ഒമ്പതിനായിരത്തി എണ്ണൂറു രൂപ!

ഇതൊരു കഥയായിരിക്കാം. എങ്കിലും ശരിയായ അറിവ് സ്വാംശീകരിക്കുന്നതും അത് വേണ്ടവിധത്തിൽ വിവേകത്തോടെ പ്രയോഗിക്കാൻ കഴിയുന്നതും സർവ്വസമ്പത്തിലും അഭികാമ്യമാണെന്ന സത്യം ഈ കഥ നമ്മെ ഓർമ്മപ്പെടുത്തുന്നു. 'വിദ്യാധനം സർവ്വധനാൽ പ്രധാനം' എന്ന ആചാര്യന്മാർ പറഞ്ഞുറപ്പിച്ചിട്ടുള്ളതിന് ഈ ഉത്തരാധുനിക ഡിജിറ്റൽ യുഗത്തിലും മാറ്റമില്ലെന്നുമാത്രമല്ല; കൂടുതൽ ആഴത്തിലും പരപ്പിലും അത് വേരുറയ്ക്കുകകൂടി ചെയ്യുന്നുണ്ട്. വിദ്യാഭ്യാസം മനുഷ്യന്റെ ആത്മീയവും മാനസികവും ശാരീരികവുമായ സമഗ്ര നന്മയാണ് ലക്ഷ്യം വെയ്ക്കുന്നത്. സമ്പൂർണ്ണ മനുഷ്യനെ രൂപപ്പെടുത്തുന്നതാണ് വിദ്യാഭ്യാസം. ധർമ്മബോധമുള്ളവനാണെന്ന അറിവും ബോധ്യവും ജനിപ്പിക്കുന്നതോടൊപ്പം അവന്റെ ബുദ്ധിയെയും കർമ്മശക്തിയെയും വളർത്തുക, അന്തഃസത്തയെ വികസിപ്പിക്കുകയും ശുദ്ധമാക്കുകയും ചെയ്യുക, അവനിലുള്ള താണതരം വികാരങ്ങളെ മെരുക്കുകയും സൽസ്വഭാവങ്ങളെ ഉണർത്തുകയും ചെയ്യുക തുടങ്ങി സമഗ്ര വ്യക്തിത്വം ഒരുവനിൽ രൂപപ്പെടുത്തുന്നത് വിദ്യാഭ്യാസമാണ്. വിജ്ഞാനം മനുഷ്യനെ സംസ്കാരചിത്തനാക്കുന്നു എന്നു പറയുന്നതിന്റെ പൊരുളിതാണ്. ചിന്തിക്കാനും ആധുനികജീവിതത്തിന്റെ സമ്പൂർണ്ണ ചുമതലകളെ ഏറ്റെടുക്കാനും കഴിവുള്ളവരെ സൃഷ്ടിക്കുക എന്നത് ഏതുരാഷ്ട്രത്തിന്റെയും നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. റോബർട്ട് ഫോസ്റ്റിന്റെ അഭിപ്രായം ഇവിടെ ശ്രദ്ധേയമാണ്.

"Education is the ability to listen to almost anything without losing your temper or your self confidence.''

ഏതു പ്രതിസന്ധിയിലും തളരാത്ത മനസാന്നിധ്യമാണ് വിദ്യാഭ്യാസം ഒരുവന് നല്കേണ്ടത്. ഭൗതികമായ വിജ്ഞാനം മനുഷ്യന്റെ ഭൗതിക വളർച്ചയിലൂന്നി നില്ക്കുമ്പോൾ അവന്റെ മാനസികവും ആത്മീയവുമായ വളർച്ചയ്ക്ക് ദൈവിക ജ്ഞാനം കൂടിയേ തീരു.

“ജ്ഞാനം സമ്പാദിക്കുകയാണ് സർവ്വപ്രധാനം. എന്തും ത്യജിച്ചും ജ്ഞാനം നേടുക. അവൾ നിന്റെ ശിരസ്സിൽ മനോഹരമായ പൂമാല അണിയിക്കും. നിനക്ക് മഹത്വത്തിന്റെ കിരീടം നല്കും.” (സുഭാ 4/7–9)





യഥാർത്ഥജ്ഞാനം ഒരുവനെ വിനീതനും കുലീനനുമാക്കുന്നു. ജ്ഞാനം നമ്മുടെ അറിവുകളെ കൂടുതൽ തെളിമയുള്ളതാക്കുന്നു. സ്വന്തമായ അഭിപ്രായങ്ങൾ രൂപീകരിക്കാനും ജീവിതാനുഭവങ്ങളെ ശരിയായി വിലയിരുത്താനും സഹായിക്കുന്നു. വിദ്യാഭ്യാസം നാം നേടുന്ന അറിവുകളെ വേണ്ടവിധത്തിൽ ക്രമീകരിക്കാൻ നമ്മെ സഹായിക്കുമ്പോൾ ജ്ഞാനം, ആർജ്ജിച്ചെടുത്ത സകലതിനെയും പുതിയ ഉൾക്കാഴ്ചയോടെ സമീപിക്കാനും ആത്മീയ ഫലങ്ങളാൽ സമ്പന്നനാകാനും ഒരുവനെ പ്രാപ്തനാക്കുന്നു.

അറിവും ജ്ഞാനവും തമ്മിലുള്ള വ്യത്യാസമിതാണ്. അറിവ് വർത്തമാനകാലത്തിലധിഷ്ഠിതമാണ്. എന്നാൽ ജ്ഞാനത്തിന്റെ വേരുകൾ ഭൂതകാലത്തിലാഴ്ന്നു കിടക്കുന്നു. ചില്ലകൾ വർത്തമാനകാലത്തിന്റേത്. ത്രികാലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചിരിക്കുന്ന ചില നീർപ്രവാഹങ്ങളെക്കുറിച്ച് ധാരണ പകരുകയാണ് ജ്ഞാനത്തിന്റെ ധർമ്മം. അതുകൊണ്ടുതന്നെ ജ്ഞാനികൾ സമചിത്തരും സൗമ്യരുമാകുന്നു. ഏതുപ്രതിസന്ധിയെയും സങ്കീർണ്ണപ്രശ്നത്തെയും നേരിടാനുള്ള ആർജ്ജവത്വം ജ്ഞാനിക്ക് സ്വന്തമാണ്.

പണ്ഡിതന്റെ ഗുണങ്ങളെപ്പറ്റി ആർഷഭാരത സൂക്തത്തിൽ ഇങ്ങനെ പറയുന്നു;

സത്യം തപോജ്ഞാനമഹിംസതാ ച
വിദ്വത് പ്രണാമം ച സുശീലതാ ച
ഏതാനി യോ ധാരയതേ സ വിദ്വാൻ
ന കേവലം യഃ പഠതേ സ വിദ്വാൻ

സത്യം, തപസ്സ്, ജ്ഞാനം, അഹിംസ, വിജ്ഞാനാഭിമുഖ്യം, സത്സ്വഭാവം ഇവയെല്ലാം ആർക്കാണോ ഉള്ളത് അയാളാണ് പണ്ഡിതൻ. ഇവയില്ലാതെ ഭൗതികവിജ്ഞാനം ഏറെ നേടിയാലും അവൻ പണ്ഡിതനാകുന്നില്ല.

പുസ്തകജ്ഞാനം, ശാസ്ത്രപരിചയം, ചരിത്ര വിജ്ഞാനം തുടങ്ങിയവയൊക്കെ അറിവിന്റെ മാനദണ്ഡങ്ങൾ തന്നെ. എന്നാൽ അവ നേടിയതുകൊണ്ടുമാത്രം ഒരാൾ ബഹുമാന്യനാകുന്നില്ല. ഏതുവിധ വിജ്ഞാനവും അഭിലഷണീയവും മനുഷ്യസ്നേഹ സമന്വിതവുമായ ചില സവിശേഷ ഗുണങ്ങളോട് സമ്മേളിക്കുമ്പോൾ മാത്രമേ മഹത്വദായകമാകുന്നുള്ളൂ.

ജീവിത വ്യാപാരത്തിൽ നമുക്ക് പുലർത്താൻ കഴിയുന്ന തുറന്ന മനോഭാവമാണ് സത്യം. തപസ്സാകട്ടെ, ആ സത്യസന്ധത നിലനിർത്താനുള്ള കഠിനപ്രയത്നവും അന്യർക്ക് നമ്മെ പ്രയോജനപ്പെടുത്താനുള്ള ത്യാഗാത്മകമായ സന്നദ്ധതയുമാണ്. നമുക്ക് നമ്മെപ്പറ്റിയും അന്യനെ പറ്റിയുമുള്ള ദൈവിക വെളിച്ചമാണ് ജ്ഞാനം. മനസ്സുകൊണ്ടും വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും അന്യന് തിന്മവരുത്തില്ലെന്ന പ്രതിജ്ഞാബദ്ധത തന്നെ അഹിംസ. വിജ്ഞാനത്തോടുള്ള ആഭിമുഖ്യമാണ് വിദ്വത്പ്രണാമം. നമ്മിലെ തന്നെ നന്മയുടെ ബഹിർസ്ഫുരണത്തെ സുശീലതയെന്നു വിളിക്കാം. ഇപ്പറഞ്ഞ ഗുണങ്ങളെല്ലാം സമ്മേളിക്കുന്നവനാണ് യഥാർത്ഥ പണ്ഡിതൻ – ജ്ഞാനി. അവനാണ് ശരിയായ ഗുരു.

ഈ ലോകത്തിൽ ഗുരുമുദ്ര അവകാശപ്പെടുന്ന സകലരും യേശുവെന്ന സദ്ഗുരുവിനെ ധ്യാനിക്കണം. വേദപുസ്തകത്തിൽ യേശു 29 തവണ 'ഗുരോ' എന്ന് അഭിസംബോധന ചെയ്യപ്പെടുന്നുണ്ട്. "അവന്റെ പ്രബോധനത്തിൽ ജനക്കൂട്ടം വിസ്മയിച്ചു. കാരണം അവന്റെ വഴിയാത്രകളായിരുന്നു അവിടുത്തെ ക്ലാസ്സുമുറി- കടൽത്തീരവും വള്ളവും വയൽപ്പൂവും വയൽക്കിളികളും അപ്പവും മീനും ആടും ആട്ടിടയനും തിരിയും തിരിക്കലും മുന്തിരിച്ചെടിയും ശാഖകളും വിത്തും വിതയും ഗോതമ്പുചെടികളും അതിഥിയും ആതിഥേയനും തുടങ്ങി നിത്യജീവിതത്തിലെ എത്രയെത്ര സുന്ദരമായ വസ്തുക്കൾ അവിടുന്ന് അദ്ധ്യാപനത്തിന് ഉപകരണമാക്കി. അവിടുത്തെ ജ്ഞാനപ്രകാശത്തിൽ എത്രയോ പേർ ജ്ഞാനസമ്പന്നരായി. ജീവിതത്തിലെ വലിയ സത്യങ്ങൾ ലളിതമായ കഥകളിലൂടെ ശാശ്വതീകരിക്കുകയായിരുന്നു അവിടു





ന്ന്. ദിനരാത്രങ്ങൾ കൂടെ നടന്നു കേട്ടിട്ടും മടുപ്പു തോന്നാത്തവിധം അത്രമേൽ ലളിതവും സമഗ്രവുമായിരുന്നു അവിടുത്തെ ജ്ഞാനവചസ്സുകൾ. യേശുവെന്ന സദ്ഗുരുവിനെ പ്രണമിച്ച് അവിടുന്നിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് നമുക്കുചുറ്റുമുള്ളവരെ വിദ്യാലോകത്തേയ്ക്ക് ചേർത്തുവെയ്ക്കാം.

ഖലീൽ ജിബ്രാൻ അദ്ധ്യാപനത്തെക്കുറിച്ച് പ്രവാചകൻ എന്ന തന്റെ ഗ്രന്ഥത്തിലെഴുതി; "ജ്ഞാനത്തിന്റെ ബാലവാടിയിൽ പാതിമയക്കത്തിൽ കിടക്കുന്ന കാര്യങ്ങളല്ലാതെ മറ്റൊന്നും നിങ്ങൾക്ക് വെളിപ്പെടുത്തി തരുവാൻ ആരു വിചാരിച്ചാലും കഴിയില്ല. ഒരാളുടെ ദർശനം മറ്റൊരാൾക്ക് ചിറകുകളാകുന്നില്ലാത്തതുപോലെ ദൈവത്തെക്കുറിച്ചുള്ള അറിവിന്റെ മുമ്പിൽ ഓരോരുത്തരും ഒറ്റയ്ക്കാണ് നില്ക്കുന്നത്. അതുപോലെതന്നെ ഭൗതികവിജ്ഞാനത്തിലും നിങ്ങളുടെ കുട്ടികൾ നിങ്ങളിലൂടെ വന്നു, നിങ്ങളുടെ ചാരെ ഇരിക്കുന്നു, എങ്കിലും അവർ നിങ്ങളുടേതല്ല. അവർക്ക് നിങ്ങളുടെ സ്നേഹം നൽകുക, വിചാരങ്ങൾ അരുത്. കാരണം അത് അവരിൽ ആവോളം ഉണ്ട്. നിങ്ങൾ ധനുസുകളും കുട്ടികൾ അതിൽ നിന്നും തൊടുത്തുവിട്ട സായകങ്ങളുമാകുന്നു".

ആർക്കും ആരെയും നിർബന്ധിച്ച് വിദ്യയഭ്യസിപ്പിക്കാനാവില്ല. യഥാർത്ഥത്തിൽ അതൊരു സ്വതന്ത്രമാക്കലാണ്. സ്നേഹം മതിവരുവോളം കൊടുത്ത് ഓരോരുത്തരുടെയും ഉള്ളിലുള്ള ഏറ്റവും നല്ലതിനെ പുറത്തെടുക്കുവാനും പക്വമായ ജീവിതത്തിലൂടെ ശ്രേഷ്ഠ വ്യക്തിത്വത്തിന് ഉടമകളാകാനും ഈ പുതിയ അദ്ധ്യയനവർഷത്തിൽ നമുക്ക് കർമ്മധീരരാകാം. ■

**കവിത**

# പോകാം കൂട്ടുകാരേ..



**അൻസല കുന്നത്തുമറ്റത്തിൽ**
സർവ്വോദയം സ്കൂൾ, മുതിരേരി

സ്കൂളു തുറന്നല്ലോ കൂട്ടുകാരേ
കൂട്ടിനു മഴയും കുടയുമുണ്ട്.
പോകാം ഒരുമിച്ച് കളിയും ചിരിയുമായി
പഠിക്കാം വിദ്യകൾ ഒത്തിരിയേറെ

പൂരവും പെരുന്നാളുമെല്ലാം കഴിഞ്ഞു
പൂക്കണിവച്ച വിഷുവും പോയി
വേനൽ ചൂടിന്റെ ഉഷ്ണം ശമിപ്പിച്ച
ചക്കയും മാങ്ങയും തീർന്നും പോയി

ഓടിക്കളിക്കുവാൻ ഒക്കില്ല കേട്ടോ
കുടുകുടെ പെയ്യും പൂമഴയല്ലേ ?
വർണ്ണക്കുടകൾ വട്ടം കറക്കി
താളത്തിൽ നടന്നിടാം കൂട്ടുകാരേ...

പുസ്തകസഞ്ചി നനയാതെ നോക്കേണം
എത്തീടാം മണി മുട്ടും മുമ്പേ
ഈശ്വരഗാനം പാടി നമിച്ച്
പഠിക്കാം പാഠങ്ങൾ ഒന്നൊന്നായി

കൂട്ടികിഴിച്ച് ഗണിച്ച് ഹരിക്കാം
അക്ഷരമാലകൾ ചൊല്ലിക്കളിക്കാം..
വരയ്ക്കാനും കുറിക്കാനും താളുമുണ്ട്–
നല്ല കൂട്ടരോടൊത്ത് പഠിച്ചീടാം...

കൂട്ടമണിക്കേട്ട് ഓടുന്ന നേരത്തിൽ
ഓർക്കണം ഉച്ച തിരിഞ്ഞും ക്ലാസ്സുണ്ട്....
കളിയും കഥയും പലതുമായി
കൂട്ടിന് ടീച്ചറും സാറും ഒപ്പമുണ്ട്...

ഇന്നുമുതലേ പഠിച്ചീടാം – നമ്മൾ
ഒത്തുപിടിച്ചാൽ ഏലെ ലൈസാ!!
വാനിൽ പറക്കേണം ഉയർന്നു വരേണം
നന്മകളങ്ങനെ വിളയട്ടെ

"നല്ല കാര്യങ്ങൾക്കുവേണ്ടി തുറവിയുള്ളവരായിരിക്കുക,
എല്ലാ കാര്യങ്ങളിലും നന്മ കാണുവാൻ പരിശ്രമിക്കുക."





# സംഗീതത്തിലൂടെ ദൈവാനുഭവത്തിലേയ്ക്ക്

ഫാ. ബിജു. അരഞ്ഞാണിയിൽ MST

സംഗീതം എന്നുപറഞ്ഞാൽ നല്ല ഗീതം അഥവാ സമ്യക്കാകുന്ന ഗീതം. സംഗീതത്തിന്റെ ഉത്ഭവം എന്നാണെന്നു പറയാൻ സാധിക്കുകയില്ല, എങ്കിലും ഓരോ ദേശത്തും എന്നാണു ഉണ്ടായത് എന്ന് അവിടുത്തെ ചരിത്രം പരിശോധിച്ചാൽ പറയാൻ സാധിക്കും. സംഗീതവും ജീവിതവും തമ്മിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ആദിമ മനുഷ്യന്റെ കാലം മുതൽ സംഗീതം അവന്റെ ജീവിതത്തിന്റെ ഭാഗമാണ്. സംഗീതം അവൻ ഉപയോഗിച്ചിരുന്നതു തന്നെ ദൈവാരാധനക്കായിരുന്നു. അതുകൊണ്ടുതന്നെ സംഗീതം ദൈവീകമായ ഒരു കലയായാണ് അവൻ കണ്ടിരുന്നത്. സംഗീതത്തിന് അവന്റെ ഇന്ദ്രിയങ്ങളെയും വികാരങ്ങളെയും നിയന്ത്രിക്കാനും ദൈവത്തിലേക്ക് അല്ലെങ്കിൽ നന്മയിലേക്ക് അവനെ നയിക്കുവാനും സാധിക്കുന്നു എന്നതിനാൽതന്നെ സംഗീതം ഒരു ദൈവാനുഭവമായി മനുഷ്യന് അനുഭവപ്പെടുന്നു. സംഗീതം ഒരു സുകുമാരകലയാണ്. അതിനാൽതന്നെ സംഗീതത്തിന് മനുഷ്യനെ നന്മയിലേക്ക് നയിക്കാനേ സാധിക്കൂ. ഏതൊരു ജീവിയും സംഗീതം ഇഷ്ടപ്പെടുന്നു എന്നുള്ളതുകൊണ്ടും, മനുഷ്യന്റെ ജീവിതലക്ഷ്യം തന്നെ ദൈവത്തിൽ എത്തിച്ചേരുക എന്നുള്ളതുകൊണ്ടും അവന് ഏറ്റവും ഇഷ്ടപ്പെട്ട സംഗീതം തന്നെ ആത്മസാക്ഷാത്കാരത്തിനായ് ഉപയോഗിക്കുന്നു.

സംഗീതത്തിന്റെ ഉത്ഭവത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ നമുക്കു മനസ്സിലാക്കാൻ സാധിക്കും, മനുഷ്യന് ആദ്യം ലഭിച്ച സംഗീതബോധം താളബോധമായിരുന്നു എന്ന്. കാരണം അവന്റെ തന്നെ ശരീരത്തിലെ ഹൃദയം, ശ്വാസകോശം എന്നീ അവയവങ്ങളുടെ ക്രമം തെറ്റാതെയുള്ള ചലനം അവനെ താളബോധത്തിനുള്ള ആദ്യപാഠങ്ങൾ നൽകി. അവൻ നിത്യേന കേൾക്കുന്ന സംഗീതം അതായത് പക്ഷികളുടെ കളകൂജനങ്ങൾ, കാറ്റിന്റെ മർമ്മരശബ്ദം, തേനീച്ചകളുടെ മൂളക്കം, ഒഴുകുന്ന വെള്ളത്തിന്റെ കളകള ശബ്ദം, മുളങ്കാടുകൾക്കിടയിലൂടെ കാറ്റടിക്കുമ്പോഴുണ്ടാകുന്ന ചൂളംവിളി, മൃഗങ്ങളുടെ വിവിധരീതിയിലുള്ള ശബ്ദങ്ങൾ തുടങ്ങിയവയെല്ലാം അവന്റെ സംഗീതാസ്വാദനശേഷി വർദ്ധിപ്പിച്ചു. മനുഷ്യമസ്തിഷ്കത്തിന്റെ വളർച്ചയുടെ തോതനുസരിച്ച് മധുരസ്വരങ്ങൾ കേട്ടാസ്വദിക്കാനുള്ള ചെവിയുടെ കഴിവ് ദിനം പ്രതി വളർന്നുവന്നു. നൃത്തം, സംഗീതം, കവിത എന്നീ മൂന്നു കലകളും ഒന്നായിട്ടാണ് ആരംഭിച്ചതെന്നും, കൂട്ടായ കായികാദ്ധ്വാനത്തിലേർപ്പെടുമ്പോഴുണ്ടാകുന്ന താളമൊപ്പിച്ചുള്ള ശാരീരികചലനമായിരിക്കാം അവയുടെ ഉറവിടം എന്നും കരുതപ്പെടുന്നു. ആദ്യമായുണ്ടായ സംഗീതം പ്രാകൃത സംഗീതമായിരുന്നു. കാരണം ദൈവപ്രീതിക്കുവേണ്ടി ആദിമ മനുഷ്യൻ നടത്തിയ പൂജാദികർമ്മങ്ങളുടെ പശ്ചാത്തലത്തിലാണ് ഈ സംഗീതം അഭിവൃദ്ധി പ്രാപിച്ചത്.

ശാസ്ത്രീയ സംഗീതത്തെക്കുറിച്ച് നാദം, ശ്രുതി, സ്വരം, രാഗം എന്നീ ക്രമത്തിലാണ് പഠിക്കുന്നതെങ്കിലും സംഗീതത്തിന്റെ ഉത്ഭവവും വളർച്ചയും യഥാർത്ഥത്തിൽ ഇതിനെതിരായ ഒരു ക്രമത്തിലാണ്. അതായത് രാഗം, ശ്രുതി, നാദം എന്നീ ക്രമത്തിലാണ്. കണ്ടുപിടിച്ചതിനു ശേഷമല്ലല്ലോ സംഗീതം ആരംഭിച്ചത്. സംഗീതം ഉത്ഭവിച്ച് ഒരതിർത്തിവരെ വളർച്ച പ്രാപിച്ചതിനുശേഷമാണ് അതിലടങ്ങിയിരിക്കുന്ന സ്വരങ്ങളേയും ശ്രുതികളേയും നാദങ്ങളേയും കുറിച്ച് മനുഷ്യർ വിശകലനം ചെയ്തത്.

സ്വരങ്ങളുടെ സഹായത്തോടെ ആശയപ്രകടനം നടത്തുന്നതിനെ നാദഭാഷ എന്നു പറയും. ഒരു നാദഭാഷയാണ് മനുഷ്യന്റെ എല്ലാ വികാര





ങ്ങളെയും സംഗീതത്തിലൂടെ പ്രകടമാക്കാൻ സഹായിക്കുന്നത്. ഭക്തി, കോപം, താപം, സന്തോഷം, ശൃംഗാരം തുടങ്ങിയ എല്ലാ വികാരങ്ങളേയും ദ്യോതിപ്പിക്കുന്നതിന് വിവിധ രീതിയിലുള്ള രാഗങ്ങൾ സംഗീതത്തിലുണ്ട്. വികാരങ്ങളുടെ ഭാഷയായതുകൊണ്ട് സംഗീതത്തിനു മനുഷ്യരെ മാത്രമല്ല, പക്ഷിമൃഗാദികളെപ്പോലും ആകർഷിക്കുവാൻ സാധിക്കുന്നു.

**നാദം**

ക്രമാനുസാരികളായ സ്പന്ദനങ്ങളിൽ നിന്നുണ്ടാവുന്ന അനുരണനാത്മകമായ ശബ്ദ വിശേഷത്തിനാണ് നാദം എന്നു പറയുന്നത്. മണിയടിക്കുമ്പോഴുണ്ടാകുന്ന ശബ്ദം, വീണയുടെ സ്വനം ഇതെല്ലാം നാദമാണ്.

**ശ്രുതി**

സ്വരങ്ങൾക്ക് ആധാരമായും അവയുടെ അവയവമായും വരുന്ന നാദവിശേഷങ്ങളാണ് ശ്രുതികൾ. ശ്രുതി എന്ന വാക്ക് സാധാരണയായി ഉപയോഗിച്ചുവരുന്നത് ഗായകന്മാർ പാടുമ്പോൾ ആധാരമായി അവലംബിക്കുന്ന സ്ഥായിയെ സൂചിപ്പിക്കാനാണ്. അതായത് ഒരു പാട്ടിന്റെ ആധാരസ്വരത്തെ ഉദ്ദേശിച്ചാണ് ശ്രുതി എന്ന വാക്ക് ഉപയോഗിക്കുന്നത്. ഞാൻ ഒന്നര കട്ടയ്ക്ക് പാടി, അവൾ നാല് കട്ടയ്ക്ക് പാടി എന്നു പറയുന്നത് ഇത് ഉദ്ദേശിച്ചാണ്. നമ്മുടെ ശാസ്ത്രീയസംഗീതത്തിലെ ഗമകങ്ങളും മറ്റും വളരെ കൃത്യമായി പ്രയോഗിക്കാൻ സാധിക്കുന്നത് സ്വരങ്ങൾക്കിടയിലുള്ള ഈ ശ്രുതികളുടെ സഹായത്തോടെയാണ്.

**സ്വരം**

"സ്വയം രഞ്ജയതി ഇതി സ്വരം" അതായത് ഒറ്റയ്ക്കൊറ്റയ്ക്ക് കേൾക്കുമ്പോൾ തന്നെ ചെവിക്ക് ഇമ്പം നൽകുന്ന ചില ശ്രുതികളുണ്ട് ഇവയാണ് സ്വരങ്ങൾ. ശ്രോതാക്കളെ രഞ്ജിപ്പിക്കാൻ അല്ലെങ്കിൽ രസിപ്പിക്കാൻ കഴിവുള്ള ശ്രുതികളാണ് സ്വരങ്ങൾ. സംഗീതത്തിന്റെ അടിസ്ഥാനം സ്വരങ്ങളാണ്. സ്വരങ്ങൾ 7 എണ്ണമുണ്ട്. അവ ഷഡ്ജം. രിഷഭം, മധ്യമം, ധൈവതം, നിഷാധം, (സ, രി, ഗ, മ, പ, ധ, നി) ആണ്. ഇവയെ സപ്തസ്വരങ്ങൾ എന്നു വിളിക്കുന്നു.

ഇതിൽ 'സ, പ' എന്നീ സ്വരങ്ങൾ പ്രകൃതിസ്വരങ്ങൾ അല്ലെങ്കിൽ അചലസ്വരങ്ങളാണ്. കാരണം അവയുടെ സ്ഥാനങ്ങൾ മാറുന്നില്ല അല്ലെങ്കിൽ അവയ്ക്ക് തീവ്രസ്വരമോ, കോമളസ്വരമോ ഇല്ല. എന്നാൽ ബാക്കി 5 സ്വരങ്ങൾക്ക് തീവ്രം, കോമളം എന്നീ 2 സ്ഥാനങ്ങളുണ്ട്. അങ്ങനെ 12 സ്വരസ്ഥാനങ്ങളിലൂടെയാണ് നാം ഇന്നു കേൾക്കുന്ന സംഗീതം നിലനിൽക്കുന്നത്.

**രാഗം**

സ്വരവർണ്ണങ്ങളിൽ അലംകൃതമായി മനുഷ്യഹൃദയത്തെ സന്തോഷിപ്പിക്കാൻ പര്യാപ്തമായ ധ്വനിവിശേഷങ്ങളുടെ സമ്മേളനമാണ് രാഗം. ഏതെങ്കിലുമൊരു രാഗത്തിൽ അധിഷ്ഠിതമായിരിക്കും ഒരു സംഗീതം. ആയിരക്കണക്കിനു രാഗങ്ങൾ ഇന്നു പ്രചാരത്തിലുണ്ട്. രാഗങ്ങളെ സമ്പൂർണ്ണരാഗങ്ങൾ എന്നും ജന്യരാഗങ്ങൾ എന്നും തിരിച്ചിരിക്കുന്നു.

നമ്മൾ സംഗീതത്തിന്റെ അടിസ്ഥാനകാര്യങ്ങളെക്കുറിച്ച് കാണുകയായിരുന്നു. ഇനി സംഗീതം എങ്ങിനെ നമ്മെ ദൈവാനുഭവത്തിലേക്ക് നയിക്കുന്നു എന്നു നോക്കാം.

ആദിമവൈദികർക്ക് ആവർത്തിച്ചുള്ള മന്ത്രോച്ചാരണങ്ങൾ വിരസതയ്ക്ക് കാരണമായതോടെ ഉച്ചസ്ഥായിയിലും ലോപസ്ഥായിയിലും മാറി മാറി മന്ത്രോച്ചാരണങ്ങൾ നടത്തുന്നത് മനസ്സിനു സുഖവും കേൾവിക്ക് ഇമ്പവും നൽകുന്ന ഒരു പ്രക്രിയയായി അവർക്ക് തോന്നി. ആദ്യം 2 വ്യത്യസ്ത സ്വരങ്ങൾ മാത്രമേ കണ്ടുപിടിക്കപ്പെട്ടിരുന്നുള്ളൂ. അവ മധ്യസ്ഥായിയിലുള്ള ഉദാത്തവും കീഴ്സ്ഥായിയിലുള്ള അനുദാത്തവുമായിരുന്നു. പിന്നീട് ഈ 2 സ്വരങ്ങൾക്കിടയിൽ പുതിയൊരു സ്വരം കൂടി (സ്വരിതം) കണ്ടുപിടിക്കപ്പെട്ടു. നി, സ, രി, എന്നീ 3 സ്വരങ്ങളാണ് ഇങ്ങനെ ഉത്ഭവിച്ചത്. അങ്ങനെ വളരെ കാലങ്ങൾക്കൊണ്ട് വേറെയും പുതിയ സ്വരങ്ങൾക്കൂടി കണ്ടുപിടിക്കപ്പെടുകയും കാലാന്തരത്തിലൂടെയുള്ള പരിണാമങ്ങളിലൂടെ സപ്തസ്വരാധിഷ്ഠിതമായ സംഗീതം ഉടലെടുക്കുകയും ചെയ്തു. പിന്നീട് സംഗീതത്തിന്റെ വളർച്ചയോടെ 'നി, സ, രി' എന്നീ സ്വരങ്ങളുപയോഗിച്ച്

മന്ത്രങ്ങൾ പാടുന്നതിലേക്ക് വളർന്നു. മനുഷ്യന്റെ അറിവ് വളർന്നതോടെ സാഹിത്യങ്ങൾ കവിതകളാകുവാനും, സംഗീതം രാഗങ്ങളുടെ അടിസ്ഥാനത്തിൽ വളർച്ച പ്രാപിക്കാനും തുടങ്ങിയപ്പോൾ നാം ഇന്നു കാണുന്ന തരത്തിലുള്ള പാട്ടുകളിലേക്കും കീർത്തനങ്ങളിലേക്കും, കച്ചേരികളിലേക്കും സംഗീതം വളർന്നു.

എങ്ങിനെ ഒരു മിഠായി നാവിനു മധുരം പകർന്ന് മനുഷ്യന് സുഖം നൽകുന്നുവോ അതുപോലെ സംഗീതവും അവന് സുഖം നൽകുന്നു. സ്വരങ്ങൾ നമ്മുടെ കർണ്ണങ്ങൾക്ക് ഇമ്പം നൽകുന്നു. ഈ ഇമ്പമുള്ള സ്വരങ്ങളാൽ സംഗീതമുണ്ടാകുമ്പോൾ എല്ലാം മറക്കാനും, നമ്മുടെ ശ്രദ്ധയെ ഒന്നിലേക്ക് കേന്ദ്രീകരിക്കാനും സാധിക്കുന്നു. അതുകൊണ്ട് പണ്ഡിതനും പാമരനും ഒന്നുപോലെ സംഗീതം ഇഷ്ടപ്പെടുന്നു. മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടിയായതിനാൽ അവൻ ദൈവത്തിലാശ്രയിച്ചാണ് ജീവിക്കുന്നത്. അവന്റെ ജീവിതലക്ഷ്യം തന്നെ ദൈവത്തിലെത്തുക എന്നുള്ളതാണ്. സംഗീതത്തിന് അവന്റെ ഇന്ദ്രിയങ്ങളെയും വികാരങ്ങളെയും മനസ്സിനെയും നിയന്ത്രിക്കാൻ കഴിവുള്ളതുകൊണ്ട് അവന്റെ ശ്രദ്ധയെ ഏകോപിപ്പിച്ച് ദൈവത്തിങ്കലേക്ക് നയിക്കാൻ മറ്റെന്തിനേയും കാൾ സംഗീതത്തിനു സാധിക്കുന്നു. അങ്ങനെ സംഗീതം അവനെ ദൈവാനുഭവത്തിലേക്ക് നയിക്കുന്നു.



വി. അഗസ്റ്റിൻ പറയുന്നു ഒരു പ്രാവശ്യം പാടുന്നവൻ 2 പ്രാവശ്യം പ്രാർത്ഥിക്കുന്നു എന്ന്. നമ്മൾ ബൈബിളിലേക്ക് കടന്നു ചെല്ലുമ്പോൾ പ്രത്യേകിച്ച് പഴയനിയമത്തിൽ സംഗീതത്തിനും സംഗീത ഉപകരണങ്ങൾക്കുമൊക്കെ ഒത്തിരി സ്ഥാനം കൊടുക്കുന്നതായി കാണുന്നുണ്ട്. പഴയനിയമത്തിൽ പുറപ്പാടിന്റെ പുസ്തകത്തിൽ ചെങ്കടൽ കടന്നപ്പോൾ മോശയും കൂട്ടുകാരും ദൈവത്തെ സ്തുതിച്ചുപാടുന്നതും അഹറോന്റെ സഹോദരിയും പ്രവാചകിയുമായ മിരിയം തപ്പു കൈയിലെടുത്തു കൊട്ടി നൃത്തം ചെയ്യുന്നതും സാവൂളിനെ പിശാച് പീഢിപ്പിച്ചപ്പോൾ ദാവീദ് കിന്നരം വായിച്ച് സാവൂളിന്റെ മനസ്സിനെ സന്തോഷിപ്പിക്കുന്നതും നമ്മൾ കാണുന്നുണ്ട്.

സങ്കീർത്തകൻ എല്ലാ കാര്യങ്ങളും ഗാനരൂപത്തിലൂടെയാണ് അവതരിപ്പിക്കുന്നത്. ഇതെല്ലാം അർത്ഥമാക്കുന്നത് നമ്മെ ദൈവാനുഭവത്തിലേക്ക് നയിക്കാൻ സംഗീതത്തിന് എത്രമാത്രം സാധിക്കുന്നു എന്നുള്ളതാണ്.

നല്ല വരികൾ എഴുതി ആ വരികളുടെ ഭാവത്തിനു ചേർന്ന രാഗത്തിൽ ചിട്ടപ്പെടുത്തി പാടുമ്പോൾ ആ പാട്ടിന്റെ അന്തരാർത്ഥങ്ങളിലേക്ക് ഇറങ്ങി ചെല്ലുവാനും അതിൽ ലയിക്കുവാനും സർവ്വ കലകളുടെയും ഉടയവനായ ദൈവം നമ്മിൽ പ്രസാധിച്ച് നമ്മെ അനുഗ്രഹിക്കാനും കാരണമാകും. അതുകൊണ്ട് നമുക്ക് വചനത്തെ (ബൈബിൾ) ആസ്പദമാക്കി ഒത്തിരി ഗാനങ്ങൾ രചിക്കാനും, സംഗീതം നൽകുവാനും സാധിക്കട്ടെ. അപ്പോൾ ദൈവവചനം മറ്റുള്ളവരിലെത്തിക്കുന്ന സുവിശേഷപ്രഘോഷകരാകാനും സാധിക്കും. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

**ഫാ. ബിജു. അരഞ്ഞാണിയിൽ MST:** തിരുവനന്തപുരം ശ്രീ സ്വാതിതിരുനാൾ സംഗീത അക്കാദമിയിൽ നിന്നും കർണ്ണാടക സംഗീതത്തിൽ എം.എ ഒന്നാം റാങ്കിൽ പാസാവുകയും ഇപ്പോൾ മൈസൂർ സ്വരലയ സംഗീത അക്കാദമിയുടെ ഡയറക്ടറായി സേവനം അനുഷ്ഠിക്കുകയും ചെയ്യുന്നു.

"യഥാർത്ഥ ഹീറോ വലിയ കാര്യങ്ങൾക്കുവേണ്ടി സ്വയം സമർപ്പിക്കുന്നവനാണ്."



# നന്മയുടെ തണൽമരങ്ങൾ



സുജമോൾ ജോസ്

"മങ്ങിയ കാഴ്ചകൾ കണ്ടുമടുത്തു... കണ്ണടകൾ വേണം" കവി മുരുകൻ കാട്ടാക്കടയുടെ വരികൾ ശരിവയ്ക്കുന്ന കാഴ്ചകളാണ് നമ്മുടെ ചുറ്റുമുള്ളത്. ആധുനിക മാധ്യമങ്ങളും സോഷ്യൽ മീഡിയയുമെല്ലാം നമുക്കുമുൻപിൽ തുറന്നുവെയ്ക്കുന്ന ലോകവും അത്രസുന്ദരമല്ല. ഇവയിലെല്ലാം മനസ്സിന് സന്തോഷം പകരുന്ന, പ്രസാദാത്മക ചിന്തകൾ മനസ്സിൽ നിറയ്ക്കുന്ന കാഴ്ചകളും വാർത്തകളും എത്രമാത്രം ഉണ്ടെന്ന് ചിന്തിയ്ക്കേണ്ടിയിരിക്കുന്നു. ഭീതിയും നൊമ്പരവും ഉണർത്തുന്ന മങ്ങിയകാഴ്ചകൾക്കിടയിൽ ചില കാഴ്ചകൾ നമ്മുടെ മനസ്സിനെ സന്തോഷിപ്പിക്കാറുണ്ട്. ശരീരവും മനസ്സും ഒരുപോലെ ചുട്ടുപ്പൊള്ളുന്ന വേനൽ ചൂടിൽ മനസ്സിന് കുളിരുപകരുന്ന ഒരു 'നന്മകാഴ്ച' കാണാൻ കഴിഞ്ഞ ദിവസം ഇടയായി. നട്ടുച്ചനേരത്ത് പാലക്കാടൻ ചൂടിൽ ചുട്ടുപഴുത്തുകിടക്കുന്ന ഒരു സ്കൂൾ ഗ്രൗണ്ട്. സ്കൂൾ ഗ്രൗണ്ടിന് ഒരറ്റത്തുള്ള ഇടവഴിയിൽ നിന്നും ഒരു നഴ്സറിക്കാരനും ഒരു രണ്ടാം ക്ലാസ്സുകാരനും നടന്നുവരുന്നു. ഗ്രൗണ്ടിന് നടുവിലെത്തിയപ്പോൾ നഴ്സറിക്കാരന്റെ ഒരു ചെരിപ്പ് പൊട്ടി. ഒരു നിമിഷം പോലും ആലോചിച്ച് നില്ക്കാതെ 2-ാം ക്ലാസ്സുകാരൻ തന്റെ ഒരു ചെരിപ്പ് ഊരി നഴ്സറിക്കാരന്റെ കാലിൽ ഇട്ടുകൊടുക്കുന്നു. നട്ടുച്ചയ്ക്ക് ചുട്ടുപഴുത്ത ആ ഗ്രൗണ്ടിൽ ആ പിഞ്ചുകാൽ പൊള്ളും എന്ന കാര്യത്തിൽ സംശയമില്ല. രണ്ടുപേരും കൈകോർത്ത് മുന്നോട്ടു നടന്നു. നടക്കുമ്പോഴെല്ലാം നഴ്സറിക്കാരൻ ജോക്കുട്ടന്റെ കണ്ണുകൾ രണ്ടാം ക്ലാസ്സുകാരൻ മാർട്ടിന്റെ കാലിലായിരുന്നു. അഞ്ചാറ് ചുവടു മുന്നോട്ടു വച്ചുകാണും ജോക്കുട്ടൻ മാർട്ടിന്റെ ചെരുപ്പൂരി തിരിച്ചു നൽകുന്നു. രണ്ടു പേരും പരസ്പരം പറയുന്നുണ്ട്



"നിന്റെകാൽ പൊള്ളും നീ ചെരുപ്പിട്ടോ." ഗ്രൗണ്ടിന്റെ ഒരറ്റത്തുനിന്ന ജോക്കുട്ടന്റെ അമ്മയും കൂട്ടുകാരിയും ഇതെല്ലാം കണ്ടുകൊണ്ട് വേഗം ഗ്രൗണ്ടിലേയ്ക്ക് വന്ന് ചെരുപ്പ് മാർട്ടിന് നല്കിയും ജോക്കുട്ടനെ എടുത്തും ഗ്രൗണ്ടിന് വെളിയിലേക്ക് നടന്നു. ഈ കാഴ്ച മനസ്സിനെ സന്തോഷിപ്പിച്ചെന്നു മാത്രമല്ല ഏറെ ചിന്തിപ്പിക്കുകയും ചെയ്തു. സ്വന്തം കാലുപൊള്ളും എന്നറിഞ്ഞിട്ടും കുഞ്ഞുകൂട്ടുകാരന് ചെരുപ്പൂരി നല്കി കൈപിടിച്ചു നടന്ന മാർട്ടിൻ... തനിയ്ക്ക് ചെരുപ്പുനൽകി ചൂടുസഹിച്ച് നടക്കുന്ന മാർട്ടിന് തിരികെ ചെരുപ്പുനല്കി ചൂടുസഹിക്കാൻ തയ്യാറാകുന്ന ജോക്കുട്ടൻ... ആ ഇളം മനസ്സുകളുടെ സ്നേഹവും നന്മയും കരുതലും നമ്മിൽ എത്ര പേർക്കുണ്ട്? അവനവന്റെ സുഖത്തിനും സന്തോഷത്തിനുമപ്പുറം അപരനെക്കുറിച്ച് ചിന്തി



"നിഷ്കളങ്കനായ ശിശുവിനെപ്പോലെ ഭാവിയെക്കുറിച്ച് ആകുലതയില്ലാതെ ജീവിക്കുക."

യ്ക്കാനോ അവരെ സഹായിക്കാനോ നാം സമയം കണ്ടെത്താറുണ്ടോ? നേടിയതും വെട്ടിപ്പിടിച്ചതും ഒന്നും പോരാ എന്ന ചിന്തയിൽ കൂടുതൽ നേടാനുള്ള പരക്കംപാച്ചിലിൽ നല്ലതു കാണാനും കേൾക്കാനും പ്രവർത്തിയ്ക്കാനുമുള്ള നല്ല മനസ്സ് നമുക്ക് കൈമോശം വന്ന് പോയി. എന്നാൽ ചിലരെങ്കിലും ഇതിനൊരപവാദമാണ് എന്ന സത്യം നമുക്ക് പ്രത്യാശപകരുന്നുണ്ട്. നന്മ ചെയ്യാനും നല്ലവരായി ജീവിയ്ക്കാനും പ്രായമോ കാലമോ ദേശമോ ഒന്നും തടസ്സമല്ല. ആദ്യം വിവരിച്ച സംഭവത്തിലെ കുഞ്ഞുങ്ങളെപ്പോലെ നന്മയുടെ വിത്തുകൾ കുഞ്ഞുനാളിൽത്തന്നെ നമുടെയൊക്കെ ഹൃദയത്തിൽ ഈശ്വരൻ വിതച്ചിട്ടുണ്ടാകും. അതിന് വെള്ളവും വളവും നല്കി വളർത്തേണ്ടത് ഓരോരുത്തരുടെയും കടമയാണ്. അങ്ങനെ വളർത്തിയ ചിലർ നമ്മുടെ ഇടയിലുണ്ട്. ഇന്ന് ആ നല്ല മനസ്സുകളിലെ വിത്തുകൾ മുളച്ച് മരമായി അനേകർക്ക് തണലേകുന്നു. അങ്ങനെ തണലേകിയ ഒരു 'നന്മമര'മാണ് ബിലാൽ രാജൻ എന്ന കാനഡക്കാരൻ യുവാവ്. വെറും നാലുവയസ്സുള്ളപ്പോൾ പത്രം വായിച്ചിരുന്ന അച്ഛനോട് പത്രത്തിലെ വാർത്തകളെക്കുറിച്ച് തിരക്കിയതാണ് ബിലാൽ. അപ്പോഴാണ് 2001-ൽ ഗുജറാത്തിലുണ്ടായ ഭൂകമ്പത്തിന്റെയും അതു വിതച്ച നാശത്തിന്റെയും ദാരുണകഥ പിതാവ് മകന് പറഞ്ഞു കൊടുത്തത്. എന്നാൽ ആ വാർത്ത നാലുവയസ്സുകാരന് വെറുമൊരു കൗതുകവാർത്തയായിരുന്നില്ല. അവൻ തന്റെ വീടിനടുത്തുള്ള ഓറഞ്ചു



പോലുള്ള പഴങ്ങൾ ശേഖരിച്ച് റോഡരികിലും അയൽപക്കത്തെ വീടുകളിലും കൊണ്ടുപോയി വിറ്റു. അങ്ങനെ കിട്ടിയ 350 ഡോളർ മാതാപിതാക്കളുടെ സഹായത്തോടെ ഇന്ത്യയിലെ ഗുജറാത്തിലേയ്ക്ക് അയച്ചുകൊടുത്തു. അതൊരു കൊച്ചുതുടക്കമായിരുന്നു. പിന്നീട് എച്ച്.ഐ.വി ബാധിച്ച കുട്ടികളെക്കുറിച്ചറിഞ്ഞ് അവരെ സഹായിക്കാൻ സ്വന്തമായി പ്ലാസ്റ്റിക് പ്ലേറ്റുണ്ടാക്കി 1200 ഡോളർ കണ്ടെത്തി. ഹെയ്തിയിൽ ഭൂകമ്പമുണ്ടായതറിഞ്ഞ് ചോക്കലേറ്റ് വിറ്റ് 6000 ഡോളർ നേടി. അപ്പോഴേയ്ക്കും ബിലാലിനെക്കുറിച്ച് കേട്ടറിഞ്ഞ അനേകം വ്യക്തികളും സംഘടനകളും അവനെ സഹായിക്കാൻ തയ്യാറായി. പിന്നീടങ്ങോട്ട് ലോകത്തെവിടെ പ്രകൃതിദുരന്തമുണ്ടായാലും ബിലാൽ സഹായവുമായി മുന്നിൽ തന്നെ ഉണ്ടാകും. 2005-ൽ കേവലം ഒമ്പതുവയസ്സുള്ളപ്പോൾ ബിലാൽ രാജൻ കാനഡയുടെ UNICEF അമ്പാസിഡറായി നിയമിതനായി. ഇന്ന് ഈ ഇരുപത്തൊന്നുകാരൻ അനേകം ജീവിതങ്ങൾക്ക് താങ്ങും തണലുമായി ജീവിക്കുന്നു. ദുരന്തങ്ങളും ദുരിതങ്ങളുംമൂലം കഷ്ടപ്പെടുന്നവരെ സഹായിക്കാൻ ഏതു രാജ്യത്തും ഏതു സമയത്തും ബിലാൽ ഓടിയെത്തുന്നു. നാലാം വയസ്സിൽ മുളച്ച നന്മയുടെ വിത്ത് വളർന്ന് വലിയ തണൽമരമായിന്ന് മാറിയിരിക്കുന്നു. ബിലാലിന് ആകാമെങ്കിൽ എന്തുകൊണ്ട് നമുക്കായിക്കൂടാ... നമുക്കും ശ്രമിക്കാം നന്മചെയ്യാനും നന്മയിൽ വളരാനും അനേകർക്ക് തണലേകാനും... ■

സുജമോൾ ജോസ് : സോഷ്യോളജിയിൽ ബിരുദാനന്തരബിരുദം, സൈക്കോളജി, കൗൺസിലിംഗ് എന്നിവയിൽ ഡിപ്ലോമ. മോട്ടിവേഷണൽ ട്രെയ്നർ, പാരന്റിങ്ങ് വിഷയത്തിൽ ക്ലാസ്സുകളും പ്രഭാഷണങ്ങളും നടത്തുന്നു. കൂടാതെ വർത്തമാനപത്രങ്ങളിൽ പംക്തികൾ എഴുതുകയും ചെയ്യുന്നു.

**അഭിമുഖം**



# വിജയത്തിലേയ്ക്കുള്ള എളുപ്പവഴി കഴിവും കഠിനാദ്ധ്വാനവും

**ലിജോ ജോസ് പെല്ലിശ്ശേരി**

**ഏറ്റവും മികച്ച സിനിമ സംവിധായകനുള്ള 2018 ലെ സംസ്ഥാന അവാർഡ് ലഭിച്ച ലിജോ ജോസ് പെല്ലിശ്ശേരിയുമായി ഫാ. ബിബിൻ പറമ്പി (ISch) നടത്തിയ അഭിമുഖത്തിൽ നിന്നും.**

☞ കഷ്ടപാടും കാത്തിരിപ്പും ജീവിത വിജയത്തിന് എത്രമാത്രം ആവശ്യമാണ്? ലിജോയുടെ സ്വജീവിതാനുഭവത്തിൽ നിന്നുള്ള അഭിപ്രായം എന്താണ്?

❖ ജീവിതത്തിൽ നാം ആഗ്രഹിക്കുന്ന ഒരു കാര്യത്തിൽ എത്തിചേരാൻ കഠിനാദ്ധ്വാനം കൂടിയേ തീരു. ഒരു ലക്ഷ്യത്തിലേയ്ക്ക് നീങ്ങുമ്പോൾ മറ്റ് പല താല്പര്യങ്ങളും മാറ്റിവെച്ച് ഏറ്റവും ആത്മാർത്ഥയോടും സത്യസന്ധതയോടും കൂടി ലക്ഷ്യപ്രാപ്തിക്കായി പരിശ്രമിക്കേണ്ടതുണ്ട്. പലകാര്യങ്ങളുടെയും പുറകെ പോയാൽ എവിടെയും എത്തില്ല. അതിനാൽ നമ്മുടെ പരമമായ ലക്ഷ്യത്തിന് പ്രാധാന്യം നല്കികൊണ്ട് മുൻമ്പോട്ടു പോവുക. ഒരു മുൻഗണന പട്ടിക (Priority List) യിൽ നമ്മുടെ ലക്ഷ്യത്തിന് ഒന്നാം സ്ഥാനം കൊടുക്കുക.

☞ യുവ തലമുറയ്ക്ക് ജീവിത വിജയം നേടാനുള്ള ലിജോയുടെ ഒരു സൂത്രവാക്യം എന്തായിരിക്കും?

❖ ചെയ്യുന്ന കാര്യത്തിന്റെ ഭാവിയിലെ റിസൾട്ടിനെക്കുറിച്ച് അധികം ആവലാതി വേണ്ട. ഈ നിമിഷം എനിക്ക് എന്തുചെയ്യാൻ കഴിയുമോ അത് ഏറ്റവും നന്നായി ആത്മാർത്ഥമായി ചെയ്യുക. ഒരു വിദ്യാർത്ഥി, താൻ പത്താംക്ലാസ്സിൽ തോറ്റു പോകുമോ ജയിക്കുമോ എന്നുള്ള ചിന്തയിൽ വ്യാകുലപ്പെടാതെ പാഠ്യവിഷയങ്ങൾ ഓരോന്നായി പഠിക്കുകയാണ് വേണ്ടത്. റിസൾട്ട് താനെ വന്നുകൊള്ളും. നമ്മുടെ ലക്ഷ്യം തെരഞ്ഞെടുക്കുക, ആ ലക്ഷ്യം നേടിയെടുക്കാൻ ആത്മാർത്ഥമായി ജോലി ചെയ്യുക. പാണ്ഡവരെ അസ്ത്രവിദ്യ പഠിപ്പിക്കുന്ന ദ്രോണാചാര്യർ , വില്ല് തൊടുക്കുന്നതിനു മുമ്പായി ഓരോരുത്തരോടും ചോദിക്കുന്നില്ലേ നീ എന്താണ് കാണുന്നതെന്ന്? മരകൊമ്പിൽ ഉണ്ടാക്കി വച്ചിരിക്കുന്ന പക്ഷിയുടെ കണ്ണ് മാത്രമേ താൻ കാണുന്നുള്ളു എന്നു പറയുന്ന അർജുനനോട് മാത്രമാണ് ഗുരു വില്ലു കുലയ്ക്കാൻ പറയുന്നത്. ഇതുപോലെ ഏകാഗ്രമായ മനസ്സോടെ ലക്ഷ്യം മാത്രം മുന്നിൽ കാണുക, അതിനായി പ്രവർത്തിക്കുക.

☞ സംസ്ഥാന അവാർഡ് ലഭിച്ചതിനെക്കുറിച്ച് എന്തുപറയുന്നു?

❖ ചെയ്യുന്ന ജോലിയുടെ റിസൾട്ടിനെക്കുറിച്ച് ഞാൻ വേവലാതിപ്പെടാറില്ല. റിസൾട്ടിനുവേണ്ടിയോ അവാർഡിനുവേണ്ടിയോ ഞാൻ സിനിമ ചെയ്യാറുമില്ല. അവാർഡിനു വേണ്ടി സിനിമ ചെയ്യുമ്പോൾ ഒരു പക്ഷേ അവാർഡ് നിർണ്ണയിക്കുന്ന ജൂറിക്ക് താല്പര്യമുള്ള വിധത്തിൽ ആ സിനിമ ചെയ്യേണ്ടിവരും. അതു

പോലെ അവാർഡ് കിട്ടത്തക്കവിധത്തിലുള്ള മറ്റ് കാര്യങ്ങളും ബോധപൂർവ്വം ചെയ്യുവാൻ നിർബന്ധിക്കപ്പെടും. അങ്ങനെ വന്നാൽ സിനിമയുടെ സ്വാഭാവികത നഷ്ടമാകും. സാമ്പത്തിക നേട്ടം മാത്രമാണ് സിനിമ ചെയ്യാനുള്ള മറ്റൊരു പ്രേരകം എങ്കിൽ, തിയറ്ററുകളിൽ ആളുകൾ ആവേശപൂർവ്വം കാണാൻ ഇടയാക്കുന്ന വിധത്തിൽ ആ സിനിമ ചെയ്യുക എന്നതാണ്. എന്നാൽ ഇത്തരം ലക്ഷ്യങ്ങളെല്ലാം മാറ്റിവച്ച്കൊണ്ടും സിനിമ ചെയ്യാൻ സാധിക്കും. സിനിമ ചെയ്യുവാനുള്ള പ്രചോദനം ആർട്ട് (കല) ആയിരിക്കണം എന്നാണ് എന്റെ പക്ഷം. ഞാൻ ആർട്ടിനെ ലക്ഷ്യം വെച്ചുകൊണ്ട് സിനിമ ചെയ്യാൻ ശ്രമിക്കുന്ന ആളാണ്. അതുകൊണ്ട്, ചെയ്യുന്ന സിനിമയ്ക്ക് അവാർഡ് കിട്ടുമോ എന്നോ തിയറ്ററുകളിൽ അതിന് ഒരു ഉജ്ജ്വല വരവേൽപ് ലഭിക്കുമോ എന്നും തുടങ്ങിയ കാര്യങ്ങളെല്ലാം എനിക്ക് സെക്കന്ററി വിഷയങ്ങളാണ്.

☞ സിനിമയിലൂടെ വ്യത്യസ്ത വിഷയങ്ങൾ അവതരിപ്പിക്കുന്നതിനെക്കുറിച്ച്?

❖ ഒരു പ്രത്യേക വിഷയം ആസ്പദമാക്കി ഒരു സിനിമ ചെയ്തുകഴിയുമ്പോൾ വീണ്ടും നമ്മുടെ മുന്നിലുള്ള വിഷയങ്ങളിൽ നിന്നും ഏറ്റവും താൽപര്യം തോന്നുന്നതും അതിശയിപ്പിക്കുന്നതും വെല്ലുവിളികൾ നിറഞ്ഞതുമായ വിഷയങ്ങൾ അടുത്ത സിനിമയ്ക്കു വേണ്ടി കണ്ടെത്തുന്നു. ഓരോ പുതിയ സിനിമയും മുൻപ് ചെയ്തതിൽ നിന്നും വ്യത്യസ്തമായിരിക്കാനും ഞാൻ ശ്രദ്ധിക്കാറുണ്ട്.

☞ ലിജോയുടെ സിനിമകൾ പലതും ക്രിസ്തീയ പശ്ചാത്തലത്തിലാണ്. ക്രിസ്തീയ ജീവിതം എത്രമാത്രം സിനിമ ചെയ്യാൻ സഹായകമായിട്ടുണ്ട്?

❖ ഞാൻ ജനിച്ചുവളർന്നത് ക്രിസ്തീയ കുടുംബത്തിലാണ്. പഠിച്ചതും ക്രിസ്ത്യൻ ഹോസ്റ്റലിൽ ആയിരുന്നു. പങ്കെടുത്ത ആഘോഷങ്ങളും കണ്ടുവളർന്ന വിശ്വാസവുമെല്ലാം അതിന്റെ ഭാഗങ്ങളായിരുന്നു. അപ്പോൾ സ്വാഭാവികമായും എനിക്ക് ഏറ്റവും അടുത്തറിയാവുന്ന ഇത്തരം പശ്ചാത്തലത്തിലുള്ള കഥകൾ പറയുന്നു. അല്ലാതെ മറ്റൊരു വിഭാഗക്കാരുടെ കഥ വേണ്ട എന്ന് വിചാരിച്ചല്ല. എനിക്ക് അറിയാത്ത ഒരു വിഷയത്തെക്കുറിച്ച് സിനിമ ചെയ്യണമെങ്കിൽ ആ വിഷയം പഠിച്ച് ഒരുങ്ങേണ്ടതുണ്ട്.

☞ എങ്ങനെയാണ് ക്രിയാത്മകമായ ആശയങ്ങൾ (Creative Ideas) സിനിമയ്ക്കു വേണ്ടി കണ്ടെത്തുന്നത്?

❖ ഒരാൾക്കും കണ്ണടച്ചിരുന്ന് ഇരുട്ടിൽ നിന്നും ആശയങ്ങളെ സൃഷ്ടിച്ചെടുക്കാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. നാം വായിക്കുന്ന സാഹിത്യ രചനകൾ, യാത്രകൾ, പരിചയപ്പെടുന്ന ആളുകൾ, അവരുടെ അനുഭവങ്ങൾ, പത്രമാധ്യമങ്ങളിൽ ചർച്ചചെയ്യുന്ന ജീവിത പ്രശ്നങ്ങൾ മുതലായവ നമ്മുടെ ചുറ്റുപാടിൽ നിന്നും കിട്ടുന്ന പ്രചോദനങ്ങളാണ് ക്രിയാത്മക ആശയങ്ങളുടെ സൃഷ്ടിക്ക് കാരണം. കൂടാതെ മറ്റ് സിനിമകളിൽ നിന്നും ചില ആശയങ്ങളെ രൂപീകരിക്കാനുള്ള പ്രചോദനം കിട്ടാറുണ്ട്.

☞ സിനിമയിൽ കൂടുതൽ പുതുമുഖങ്ങളെ പരിചയപ്പെടുത്തുന്നതിനെക്കുറിച്ചുള്ള അഭിപ്രായം എന്താണ്?

❖ ഒരു സിനിമ സംവിധായകന് വളരെ പ്രധാനപ്പെട്ട കാര്യമാണ് സിനിമയുടെ കാസ്റ്റിംഗ് പ്രോസസ്. സ്ക്രിപ്റ്റിനനുസരിച്ചുള്ള മുഖങ്ങളെ കണ്ടെത്തുകയാണിത്. ഒരുപക്ഷെ കഥാപാത്രങ്ങളിൽ ഒരാൾക്ക് ഏതെങ്കിലും ഒരു താരത്തിന്റെ ഛായയുള്ള മുഖമായിരിക്കും. ചിലപ്പോൾ

വഴിയിൽ കണ്ടുമുട്ടിയ ആരുടെയെങ്കിലും സാദൃശ്യമായിരിക്കാം സ്ക്രിപ്റ്റിലെ കഥാപാത്രങ്ങൾക്ക്. അതുകൊണ്ട് തിരക്കഥയ്ക്കനുസരിച്ചുള്ള മുഖങ്ങളെ അണിനിരത്തുന്നു. അപ്പോൾ സ്വാഭാവികമായും ഏറെ പുതുമുഖങ്ങൾ സിനിമയിൽ വരുന്നു.

☞ ഏതൊരു മേഖലയിലും ജീവിതവിജയം കൈവരിക്കാൻ വേണ്ട പ്രധാന ഘടകങ്ങൾ?

❖ ചെയ്യുന്ന കാര്യങ്ങൾ, അത് എന്തും ആയിക്കൊള്ളട്ടെ, ഏറ്റവും സത്യസന്ധമായും പൂർണ്ണ മനസ്സോടെയും ചെയ്യുക. പകുതി മനസ്സോടെ ഒന്നും ചെയ്യരുത്. കാരണം നമ്മുടെ ഉള്ളിൽതന്നെ ഒരു ഇൻസ്പെക്ടർ ഉണ്ട്. അത് നമ്മുടെ മനസ്സാക്ഷിയാകാം, ഒരു ദൈവ സാന്നിധ്യ ബോധ്യമാവാം. നാം ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് വ്യക്തമായ ഒരു നിർദ്ദേശം നമ്മുടെ ഉള്ളിലുള്ള ഈ ബോധമണ്ഡലം നമുക്ക് തരുന്നുണ്ട്. ചെയ്യണം എന്ന ഉൾവിളിയനുസരിച്ച് ചെയ്യാതിരിക്കുമ്പോഴും ചെയ്യരുത് എന്ന നിർദ്ദേശം അവഗണിച്ച് അത് ചെയ്യുമ്പോഴും നമ്മുടെ ദിശ തെറ്റുന്നു.

☞ ലിജോ പഠിച്ചത് എം.ബി.എ ആണ്. എന്നാൽ ഇപ്പോൾ സിനിമ സംവിധായകനായി പ്രവർത്തിക്കുന്നു. പഠനവും തൊഴിലുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളോട് ലിജോയ്ക്ക് പറയുവാനുള്ളത് എന്താണ്?

❖ നാം വളരുന്നതിനോടൊപ്പം നമ്മിലെ (Instinct) നൈസർഗിക വാസനകളും വളരുന്നു. നമ്മുടെ ഇഷ്ടങ്ങളെയും താല്പര്യങ്ങളെയും ഈ നൈസർഗിക വാസന നമ്മെ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കും. വലുതായി കഴിയുമ്പോൾ എന്തായിത്തീരണം എന്നുള്ള ഒരു ആഗ്രഹം നമ്മുടെ ജന്മവാസനയിൽ നിന്നും രൂപപ്പെടുന്നതാണ്. വിദ്യാർത്ഥികൾ അത് തിരിച്ചറിയുക. ആഗ്രഹങ്ങൾ മാതാപിതാക്കന്മാരോട് പറയുക അതിനായി പരിശ്രമിക്കുക. മാതാപിതാക്കന്മാരും ഇക്കാര്യം ശ്രദ്ധിച്ച് മക്കൾ പറയുന്നത് കേൾക്കാൻ മനസ്സുകാണിച്ച് അവരുടെ ജന്മസിദ്ധിയെ വളർത്തേണ്ടതുണ്ട്. ഇഷ്ടമുള്ള ജോലിയാണ് നാം ചെയ്യുന്നതെങ്കിൽ മടുപ്പില്ലാതെ ജോലിചെയ്യാൻ സാധിക്കും. എന്റെ ഇഷ്ടം സിനിമയാണ് അതുതന്നെയാണ് എന്റെ ജോലിയും. അതുപോലെ ഒന്നായിരിക്കണം ഏതൊരാളും കണ്ടെത്തുന്നതും. പഠിപ്പിക്കാൻ ഇഷ്ടപ്പെടുന്ന ഒരാൾ അദ്ധ്യാപകനായാൽ അത് അയാളുടെ ജീവിതത്തിന് വലിയ സംതൃപ്തി നല്കും.

☞ കിട്ടിയ ജോലി എന്നതിനെക്കാൾ ആഗ്രഹിക്കുന്ന ജോലിക്ക് വേണ്ടി ദീർഘനാൾ കാത്തിരിക്കേണ്ടി വരുമ്പോഴുണ്ടാകുന്ന അനുഭവം?

❖ ഇഷ്ടപ്പെട്ട ജോലിക്ക് വേണ്ടി ദീർഘനാൾ കാത്തിരിക്കേണ്ടിവരും. മാത്രവുമല്ല, വലിയ മാനസിക സംഘർഷങ്ങളെ നേരിടേണ്ടതുമുണ്ട്. ഇത്തരം സംഘർഷങ്ങൾ എനിക്ക് ഒത്തിരി അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. അവയെ നാം നേരിടുന്നില്ല എങ്കിൽ നാം ആ ജോലിക്ക് യോഗ്യരല്ല എന്നുവേണം മനസ്സിലാക്കാൻ. അപ്പോൾ നാം മറ്റൊരു തൊഴിലിനെക്കുറിച്ച് ചിന്തിക്കേണ്ടി വരും. ആഗ്രഹം മാത്രം പോര പ്രാവീണ്യവും ജോലിക്ക് ആവശ്യമാണ്. സിനിമ നടൻ ആകണമെന്ന് ആഗ്രഹിക്കുന്ന ഒരാൾ അഭിനയത്തിന്റെ ഓരോ ഘട്ടത്തിലും ഇത് തനിക്ക് ചേർന്ന തൊഴിൽ അല്ല എന്ന് തിരിച്ചറിയുന്ന പക്ഷം അയാൾ അതിൽ നിന്നും പിൻതിരിയുകയാണ് നല്ലത്. അല്ലാത്ത പക്ഷം സാധിക്കാത്ത ഒരു കാര്യത്തിനുവേണ്ടി അയാൾ സ്വയം പീഢിപ്പിക്കപ്പെടുന്ന ഒരു അവസ്ഥയായിരിക്കും ജീവിതകാലം മുഴുവൻ. ■

# വിടരുന്ന സൂനങ്ങൾ



സി.ആഗ്നസ് എഫ്.സി.സി

അന്ധകാരമകറ്റി വെളിച്ചമായ് തീരേണ്ടവർ, അജ്ഞതയുടെ പിടിയിൽ നിന്ന് അറിവിന്റെ ലോകത്തിലേക്ക് ശിഷ്യരെ നയിക്കേണ്ടവർ, കരുണയുടെ പ്രവാഹമായി മാറേണ്ടവർ, അശുദ്ധിയുടെ അഴുക്കുചാലിൽ നിന്നും വിശുദ്ധിയുടെ ചക്രവാളത്തിലേക്ക് ഒരു തലമുറയെ നയിക്കാൻ ദൈവത്തിന്റെ കൈയൊപ്പു ലഭിച്ചവർ, പക്ഷപാതം കാണിക്കാതെ പരിപാലിക്കേണ്ടവർ–ഗുരുഭൂതർ! മാതാ പിതാ ഗുരു ദൈവം എന്നാണല്ലോ ചൊല്ല്. യേശുവിനോടൊപ്പം ഗുരുവായ് ഇറങ്ങാൻ ഒരു അദ്ധ്യയന വർഷം കൂടി പടി തുറക്കുകയായ്.

ഞാൻ പാഠം പകർന്നു നൽകിയ കുട്ടികൾ ഔന്നത്യത്തിന്റെ പടവുകൾ കയറുന്നതു കണ്ട് സന്തോഷിച്ചിട്ടുണ്ട് പലപ്പോഴും. എന്നാൽ പ്രതിസന്ധികളുടെ മുന്നിൽ മടങ്ങിപ്പോയവരുമുണ്ട്. പരാജയങ്ങളുടെ മുമ്പിൽ സ്വയം തകർന്ന് ജീവിത പൂമൊട്ടുകൾ ചവിട്ടിയരച്ചവർ. ഗുരുക്കന്മാരിൽ നിന്നും മാതാപിതാക്കളിൽ നിന്നും വേണ്ട സമയത്ത് ശിക്ഷയും ശിക്ഷണവും ലഭിച്ചവർ വീടിനും നാടിനും മികവ് പകരും.

അതിശ്രേഷ്ഠവും പാവനവുമായ നിയോഗമായിട്ടാണ് ചരിത്രാതീത കാലം മുതൽക്കു തന്നെ ഭാരതീയർ ഗുരുക്കന്മാരെ കരുതിപ്പോന്നത്. ഒരു നല്ല അധ്യാപകനാകാൻ സാധിക്കുക എന്നത് ഏറെ ശ്രമകരമായ ദൗത്യമാണ്. ഓരോ വിദ്യാർത്ഥിക്കും അദ്ധ്യാപകനെക്കുറിച്ചുള്ള സങ്കൽപ്പങ്ങൾ വ്യത്യസ്തമാണ്. അദ്ധ്യാപനം എന്നതിലുപരി ദൈവദത്തമായ ദാനമാണ്. അദ്ധ്യാപകൻ എന്നും ഒരു പ്രതീക്ഷയാണ്. താൻ പഠിപ്പിക്കുന്ന വിഷയത്തിൽ മാത്രമല്ല സർവ്വ വിഷയങ്ങളിലും അറിവുതേടാനുള്ള താത്പര്യം വേണം.

അദ്ധ്യാപകന്റെ മുന്നിലിരിക്കുന്ന വിദ്യാർത്ഥികൾ മക്കളാണ്, സഹോദരങ്ങളാണ് എന്ന തിരിച്ചറിവിലേക്കുയരണം. ഭിന്നശേഷിയുള്ള കുട്ടികളെ ഒരു സാധാരണ ക്ലാസ്സ് മുറികളിൽ അഭിമുഖീകരിക്കേണ്ടിവരും. 9–ാം ക്ലാസ്സിൽ പഠിക്കുന്ന മുഹമ്മദ് റാഫിയെ ഞാൻ ഓർക്കുന്നു. അദ്ധ്യാപകർക്കും കുട്ടികൾക്കും എന്നും ശല്യക്കാരനായ റാഫിയെ ഞാൻ കൂടുതൽ ശ്രദ്ധിക്കാറുണ്ട്. അവനെക്കുറിച്ച് കൂടുതൽ അറിയാൻ ഒരു ദിവസം അവന്റെ വീട്ടിൽ പോയി മാതാപിതാക്കളോട് സംസാരിച്ചു. അവൻ അന്യസംസ്ഥാനക്കാരായ മാതാപിതാക്കളുടെ മകനാണ്. ഉപേക്ഷിക്കപ്പെട്ട സാധനങ്ങൾ പെറുക്കിവിറ്റ് കാശാക്കി കുടുംബം പുലർത്തുന്ന അവന്റെ മാതാപിതാക്കൾ. അച്ഛനും അമ്മയ്ക്കും റാഫിയെ വളരെ ഇഷ്ടം തന്നെ. ഇരുന്നു പഠിക്കാനോ ഉറങ്ങാനോ സുരക്ഷിതമായ വീടില്ല റാഫിക്ക്. റാഫിയുടെ ക്ലാസ്സിലെ നടപടിക്രമങ്ങളെക്കുറിച്ച് അദ്ധ്യാപകരും കുട്ടികളും പറയുമ്പോൾ ഞാൻ റാഫിക്കുവേണ്ടി സംസാരിക്കാറുണ്ട്. ഓരോ കുട്ടിയുടെയും ജനിച്ചുവളർന്ന സാഹചര്യങ്ങളും വീട്ടിലെ അവസ്ഥയും മനസ്സിലാക്കിയാൽ ഒരു കുട്ടിയേയും, അവഗണിക്കാൻ അധ്യാപകർക്കു സാധിക്കില്ല. സ്റ്റുഡന്റ് പോലീസിൽ ഞങ്ങൾ റാഫിക്ക് അംഗത്വം നൽകി. പഠിക്കാൻ അത്ര മിടുക്കനല്ലെങ്കിലും ചിട്ടയായ പരിശീലനവും ശ്രദ്ധയും റാഫിയെ മികച്ച സ്വഭാവമുള്ള കുട്ടികളിലൊരാളാകുവാൻ സഹായിച്ചു.

ഓരോ കുട്ടിയിലും ഒരു കൊച്ചു സൂര്യനുണ്ട്. അവനെ ഉദിപ്പിച്ചെടുക്കാൻ മാതാപിതാക്കളും ഗുരുക്കന്മാരും ശ്രദ്ധിക്കണം. 'കൂട്ടയോട്ടമാണു കുട്ടാ തട്ടിത്തകരാതിരിക്കാൻ ശ്രദ്ധിക്കണേ' എന്ന് വായിച്ചതോർക്കുന്നു. മത്സരങ്ങളുടേയും വർണ്ണപ്പകിട്ടുകളുടേയും ലോകത്തിൽ പിടിച്ചുനിൽക്കുവാൻ കുട്ടിയെ സഹായിക്കാൻ എന്തു ചെയ്യാനാവുമെന്നായിരിക്കട്ടെ നമ്മുടെ ചിന്താവിഷയം. ■

# അനുഭവങ്ങളുടെ നീരുറവകൾ തേടി



ഫാ. തേജസ് പീടികത്തുണ്ടിയിൽ ISch

പതിനായിരത്തിലധികം മൈലുകൾക്കപ്പുറം, ലാറ്റിൻ അമേരിക്കയിലെ ചിലി എന്ന രാജ്യത്തിന്റെ ഹൃദയഭാഗമായ സാന്തിയാഗോയിൽ നിന്നാണീ കുറിപ്പുകൾ! അന്തർദേശീയ ഷേൺസ്റ്റാട്ടിന്റെ വിവിധ സംഘടനാ പ്രവർത്തനങ്ങളെ അടുത്തറിയുക എന്ന ലക്ഷ്യത്തോടെയാണ് 2017 ജൂലൈ മാസത്തിൽ ഈ രാജ്യത്തിലേയ്ക്ക് യാത്ര തിരിച്ചത്. ചിലിയിലെ സാന്തിഗോയിലെത്തിയപ്പോൾ ഇവിടുത്തെ ഭൂപ്രകൃതിയും സംസ്ക്കാരവും ജീവിതശൈലിയുമൊക്കെ ആശ്ചര്യത്തോടും കൗതുകത്തോടും ആകാംഷയോടും ചിലപ്പോഴെല്ലാം അമ്പരപ്പോടെയുമാണ് ഞാൻ നോക്കിനിന്നത്. ദൈവം കനിഞ്ഞനുഗ്രഹിച്ച പ്രകൃതിസമ്പത്തിനാൽ സമ്പന്നമാണ് ചിലി എന്ന രാജ്യം. ലാറ്റിൻ അമേരിക്കയുടെ പടിഞ്ഞാറു ഭാഗത്ത് സ്ഥിതിചെയ്യുന്ന ഈ രാജ്യം ഒരു നീണ്ട വാലുപോലെ, ഒരു ഭാഗം കടലും മറുഭാഗത്ത് നീണ്ട മലനിരകളാലും സംരക്ഷിക്കപ്പെട്ടിരിക്കുന്നു. അതിമനോഹരമായ ഭൂപ്രകൃതിയാൽ ഏവരുടെയും മനം കവരുന്ന ഒരു നാടായതിനാൽ തന്നെ ടൂറിസ്റ്റുകളുടെ പ്രിയപ്പെട്ട വിനോദസഞ്ചാര കേന്ദ്രം കൂടിയാണ് ചിലിയിലെ സാന്തിയാഗോ.




കത്തോലിക്ക രാജ്യമായ ചിലിയിലെ വിശ്വാസികളുടെ എണ്ണക്കുറവ് നമ്മെ ഏറെ ചിന്തിപ്പിക്കുന്ന ഒരു കാര്യമാണ്. ഒരു പക്ഷേ ഇന്ന് ഇവരുടെ ഏറ്റവും വലിയ ആരാധന എന്ന് പറയാവുന്നത് ഫുട്ബോൾ കളിയോടുള്ള ഇവരുടെ കമ്പമാണ്. ചിലിയിലെ വിശ്വാസസംരക്ഷണത്തിന്റെ പ്രധാന ചെറുത്തു നിൽപ്പുകളിലൊന്നാണ് ഷേൺസ്റ്റാട്ട് അപ്പസ്തോലിക പ്രവർത്തനങ്ങൾ. ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ കുടുംബങ്ങളുടെയും യുവജനങ്ങളുടെയും വ്യക്തിത്വ രൂപീകരണത്തിന് പ്രാധാന്യം നല്കി കൊണ്ട് വിശ്വാസജീവിതത്തിന്റെ കാവൽ വിളക്കാകാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നു എന്നത് ഏറെ പ്രത്യാശ നല്കുന്ന കാര്യമാണ്. കാലത്തിന്റെ പ്രവാചകനായ കെന്റണിക്കച്ചനിൽ നിന്നും പഠിക്കാൻ ചിലിയിലെ ഷേൺസ്റ്റാട്ട് മൂവ്മെന്റ് നടത്തുന്ന ശ്രമങ്ങളും ശ്രദ്ധേയമാണ്.

പുതിയ ഭാഷയും പുതിയ സംസ്കാരവും പുതിയ ആളുകളെയുമെല്ലാം പഠിക്കുകയും മനസ്സിലാക്കാൻ ശ്രമിക്കുകയും ചെയ്യുന്നതിനിടയിൽ ഞാൻ നാട്ടിലെ കൂട്ടുകാരെയും വിദ്യാർത്ഥികളെയും മാതാപിതാക്കന്മാരെയും ഓർക്കുന്നു. എന്നും പുതിയ കാര്യങ്ങൾ കേൾക്കാനും പഠിക്കാനും നമുക്ക് ഒത്തിരി ആകാംഷയുണ്ട്. എന്ത് പഠിക്കണമെന്നും എവിടെ പഠിക്കണമെന്നും വിദ്യാർത്ഥികളും മാതാപിതാക്കന്മാരും ഓരോ പുതിയ അദ്ധ്യയന വർഷത്തിലും ഏറെ ആശങ്കപ്പെടാറുമുണ്ട്. ഏതു സ്ഥാപനത്തിൽ








പഠിച്ചാലും ഏത് വിഷയത്തിൽ പ്രാവീണ്യം നേടാൻ ശ്രമിച്ചാലും എന്നും മനസ്സിൽ സൂക്ഷിക്കേണ്ട ഒരു വാക്യമാണ് എനിക്ക് നിങ്ങളോട് പറയുവാനുള്ളത്. അത് ക്രിസ്തുനാഥന്റെ വാക്കുകളാണ്. "എന്നിൽ നിന്നും പഠിക്കുവിൻ" എന്ത് കാണുന്നു, എന്ത് കേൾക്കുന്നു, എന്ത് പഠിക്കുന്നു എന്നതിനെക്കാൾ പ്രധാനമാണ് ആരിൽ നിന്നും പഠിക്കുന്നു എന്നത്. പഠിപ്പിക്കുന്നവന്റെ ആധികാരികതയിലേയ്ക്കും സ്വഭാവവൈശിഷ്ട്യത്തിലേയ്ക്കും വിരൽ ചൂണ്ടുന്ന ഒരു കാര്യമാണിത്. തങ്ങളുടെ ചോദ്യത്തിന് ഒരു ഉത്തരം നല്കിയാൽ മാത്രം മതി എന്നും പഠിപ്പിക്കുന്നവൻ തങ്ങളുടെ വ്യക്തി ജീവിതം രൂപീകരിക്കാൻ വരേണ്ടതില്ല എന്നും ശഠിക്കുന്നവർക്ക് 'ഗൂഗിൾ കുഞ്ഞുങ്ങ' ളാകാനാണ് ഇഷ്ടം. പഠനത്തിന്റെ ഗുണമേന്മ പഠിപ്പിക്കുന്നവനെ അനുസരിച്ചാണല്ലോ. "Tell me who is your friend, I shall tell you who are you" എന്ന് വായിച്ചതോർക്കുന്നു. ഞാനാണ് നല്ല ഇടയനെന്നും ഞാൻ വഴിയും സത്യവും ജീവനുമാണെന്നും നിങ്ങൾ എന്നിൽ നിന്നും പഠിക്കുവിൻ എന്നും വിളിച്ചു പറയത്തക്ക ആധികാരികത ക്രിസ്തുവിനല്ലാതെ വേറെ ഏതു ഗുരുവിനാണ് ഉണ്ടായിട്ടുള്ളത്. മുറിവേറ്റതാണ് അവന്റെ ഹൃദയം, പക്ഷേ മുറിവുണക്കാൻ കഴിയും അതിന്. നമുക്ക് വേണ്ടി നിലകൊള്ളുന്ന ഹൃദയങ്ങളെ തിരിച്ചറിയാനും നാം പരിശ്രമിക്കണം.

ക്രിസ്തു നമ്മെ പഠിപ്പിക്കുന്നത് ഹൃദയം കൊണ്ടാണ്. സ്നേഹമാണ് അതിന്റെ ഭാഷ. പരസ്പരം സ്നേഹിക്കണം എന്നു തന്നെയാണ് അവൻ ആവർത്തിക്കുന്നത്. വഞ്ചനയും കാപട്യവും കള്ളത്തരവുമൊന്നും ഈടുനില്ക്കില്ല. അപരന്റെ കാവലാളായി നിലകൊള്ളുവാൻ അവൻ നമ്മെ പഠിപ്പിക്കുന്നു. കോപ്പിയടിച്ച് പരീക്ഷയിൽ കൂടുതൽ മാർക്ക് വാങ്ങാനോ, കൈക്കൂലി കൊടുത്ത് ജോലി സമ്പാദിക്കാനോ സഹപാഠിയോട് അസൂയയോ മത്സരമോ തോന്നാതെ കിട്ടിയ താലന്തുകളെ ശ്രദ്ധയോടെ ഉപയോഗിക്കാൻ അവൻ നമ്മെ ഓർമ്മിപ്പിക്കുന്നു. 'എന്നിൽ നിന്നും പഠിക്കുവിൻ' എന്ന് ക്രിസ്തു നമ്മെ ക്ഷണിക്കുമ്പോൾ മറിയം എന്ന സ്ത്രീ അവന്റെ പാദാന്തികത്തിലിരുന്ന് അവന്റെ വചനങ്ങളെ കാതോർത്തതുപോലെ നമുക്കും ആ ഗുരുമൊഴികളെ മിഴിപൂട്ടി ധ്യാനിക്കാം. ഈശോയുടെ തിരുഹൃദയത്തിന് നമ്മെ സമർപ്പിക്കാം! ■



# വിവരങ്ങളല്ല, വിവേകം പകരട്ടെ വിദ്യാഭ്യാസം

ബ്രദർ ടോംസ് കിഴക്കേവീട്ടിൽ

ദൈവത്തെ വിസ്മയിപ്പിച്ച ഒട്ടനവധി ജീവിതങ്ങളെ നാം കണ്ടുമുട്ടുന്നു വി. ഗ്രന്ഥത്താളുകളിൽ. നീണ്ട കാത്തിരിപ്പിന്റെ ഫലമായ ഏകസന്തതിയെ ബലിക്കല്ലിൽ ചേർത്തു കിടത്തി തലയ്ക്കുമീതെ കത്തിയുയർത്താൻ മുതിർന്ന വിശ്വാസം ദൈവതിരുമുമ്പിൽ വിസ്മയകരമായി തോന്നിയപ്പോഴാണ് അബ്രാഹം വിശ്വാസികളുടെ പിതാവും വാഗ്ദാനത്തിന്റെ ഉടമ്പടിയിൽ പങ്കാളിയുമായിത്തീർന്നത്. ശേഷിക്കുന്ന ഭൗമികജീവിതം ശുഭകരമായിരിക്കില്ലെന്ന തിരിച്ചറിവിലാണ് നസ്രത്തിലെ പെൺകിടാവ് തെല്ല് അസ്വസ്ഥയായതെന്നു തോന്നുന്നു. എന്നാൽ ഈ തിരിച്ചറിവിലും ഇതാ കർത്താവിന്റെ ദാസിയെന്നു (ലൂക്കാ 1, 38) ചൊല്ലി വിസ്മയമുണർത്തുന്ന മറിയം ഉയർത്തപ്പെടുന്നത് രക്ഷകന്റെ മാതൃത്വത്തിലേക്കാണ്. മനുഷ്യനായി അവതരിച്ച ദൈവകുമാരനെ വിശ്വാസം വഴി വിസ്മയിപ്പിച്ചവരിൽ നീയൊരു വാക്ക് ഉച്ചരിച്ചാൽ മാത്രം മതി, ഭൃത്യൻ സുഖമാകുമെന്നുരചെയ്ത ശതാധിപനും (ലൂക്കാ 7, 1–10) വസ്ത്രാഞ്ചലത്തിന്റെ വിളുമ്പിലെ സ്പർശനംപോലും സൗഖ്യദായകമാണെന്നു തിരിച്ചറിഞ്ഞ രക്തസ്രാവക്കാരി സ്ത്രീയും (ലൂക്കാ 8,43–48) മകളുടെ സൗഖ്യം തേടിയെത്തിയ കാനാൻകാരിയുമടക്കം (മത്താ 15,21–28)അനേകരുണ്ട്. ഇപ്രകാരം തന്നെ വിസ്മയകരമാംവിധം ദൈവപ്രീതിയാർജിച്ച മറ്റൊരു കഥാപാത്രമാണ് ദാവീദുരാജാവിന് ഊറിയായുടെ ഭാര്യ ബത്ഷെബയിൽ പിറന്ന സോളമൻ. വിജ്ഞാനത്താൽ ലോകത്തെ വിസ്മയിപ്പിച്ച സോളമൻ ദൈവതിരുമുൻപിൽ വിസ്മയം ജനിപ്പിച്ചതെങ്ങനെയെന്ന് വി. ഗ്രന്ഥം വ്യക്തമാക്കുന്നുണ്ട്. ഗിബയോനിൽ ബലിയർപ്പണത്തിന് അണഞ്ഞവനു സ്വപ്നത്തിൽ ദർശനമരുളിയ കർത്താവ് ചോദിച്ചത് നിനക്കെന്തുവേണം എന്നായിരുന്നു (1 രാജാ.3, 5). തന്റെ നിസ്സാരതയെ തിരിച്ചറിഞ്ഞു ദൈവകാരുണ്യത്തിനു കൃതജ്ഞതയർപ്പിച്ച സോളമനാവശ്യപ്പെട്ടതാകട്ടെ "ആകയാൽ നന്മയും തിന്മയും വിവേചിച്ചറിഞ്ഞ് അങ്ങയുടെ ജനത്തെ ഭരിക്കാൻ പോന്ന വിവേകം ഈ ദാസനു നല്കിയാലും" (1 രാജാ. 3, 9) എന്നതായിരുന്നു. ദീർഘായുസ്സോ സമ്പത്തോ ശത്രുസംഹാരമോ ആവശ്യപ്പെടാതെ നീതി നിർവഹണത്തിനു വേണ്ട വിവേകം മാത്രം ആവശ്യപ്പെട്ട സോളമനിൽ ദൈവം സംപ്രീതനായെന്നു വി. ഗ്രന്ഥ–സാക്ഷ്യം. ഇപ്രകാരം തന്നെ വിസ്മയിപ്പിച്ചവനു പ്രതിസമ്മാനമായി അവൻ ചോദിക്കാത്തവകൂടി (ദീർഘായുസ്സ്, സമ്പത്ത്) പ്രദാനം ചെയ്ത് അനുഗ്രഹിക്കുന്ന ദൈവത്തെയാണ് നാം ഈ ഭാഗത്തു ദർശിക്കുന്നത്.

വിജ്ഞാന വിസ്ഫോടനത്തിന്റെ അത്യാധുനിക കാലത്ത് അറിവ് പുണ്യമെന്ന (Knowledge is Virtue) കാഴ്ചപ്പാട് കാലഹരണപ്പെട്ടിരിക്കുന്നു. അറിവ് ശക്തിയായി (Knowledge is Power "- Francis Bacon) പരിണമിക്കപ്പെടുമ്പോൾ കീഴടക്കാനും നേടിയെടുക്കുവാനും സൃഷ്ടിക്കാനും സംഹരിക്കുവാനും അധീശത്വം പുലർത്തുവാനുമൊക്കെയുള്ള ഉപാധിയെന്ന നിലയിൽ നിരവധി പുതുഭാവങ്ങൾ ചേർത്തുവയ്ക്കപ്പെടുന്നു. വിദ്യാഭ്യാസരംഗം വാണിജ്യവത്ക്കരിക്കപ്പെടുന്നതും അധ്യാപക – വിദ്യാർത്ഥി ബന്ധങ്ങൾ ശിഥിലമായിത്തീരുന്നതുമൊക്കെ ശുഭസൂചകങ്ങളല്ല. അറിവിന്റെ ബൗദ്ധികതലത്തിനപ്പുറം വ്യക്തിത്വരൂപവത്ക്ക

രണവും നല്ല സമൂഹത്തിന്റെ സൃഷ്ടിയും സാധ്യമാക്കുന്ന വിജ്ഞാനം ആർജ്ജിച്ചെടുക്കാൻ പലപ്പോഴും നാം മറന്നുപോകുകയോ അതല്ലെങ്കിൽ നമുക്കു കഴിയാതെ പോകുകയോ ചെയ്യുന്നു. കോടികളുടെ മണിക്കിലുക്കവുമായി പ്രാഥമികതലം മുതല്ക്കേ വിദ്യാഭ്യാസക്കച്ചവടം പൊടിപൊടിക്കുമ്പോൾ തലച്ചോറിലേക്ക് അറിവുകളെ കുത്തിനിറയ്ക്കാൻ കഴിഞ്ഞേക്കാം, പക്ഷേ ജീവിതമൂല്യങ്ങളെ കരുപ്പിടിപ്പിക്കാനാകുന്നുണ്ടോ എന്നതാണ് പ്രസക്തമായ ചോദ്യം.




കൃത്രിമബുദ്ധിയുടെയും സൂപ്പർകമ്പ്യൂട്ടിങ്ങിന്റെയും പിന്നാലെ പരക്കംപായുവാനും അതിവിദൂരഗ്രഹോപരിതലങ്ങളിലേക്കും തമോഗർത്തങ്ങളുടെ അത്യഗാധങ്ങളിലേക്കുമൊക്കെ പഠനങ്ങളും പര്യവേക്ഷണങ്ങളും കൊണ്ടെത്തിക്കുവാനുമൊക്കെ നാമിന്നു ബദ്ധശ്രദ്ധരാണ്. കുട്ടികളിൽ ചെറുപ്രായത്തിൽത്തന്നെ ശാസ്ത്രാഭിരുചി വളർത്താൻ അത്യധ്വാനം ചെയ്യുന്ന മാതാപിതാക്കളും അദ്ധ്യാപകരും മറന്നുപോകരുതാത്ത യാഥാർത്ഥ്യം ശാസ്ത്രാഭിമുഖ്യത്തെക്കാൾ സുപ്രധാനമാണ് മൂല്യാഭിമുഖ്യമെന്നതാണ്. ഒന്നാമനാകുക, വിജയിക്കുക എന്നതു മാത്രമാണു ജീവിതലക്ഷ്യമെന്നു ചൊല്ലിക്കേൾക്കുന്ന ഇളംമനസുകൾ ചെറുതോല്‌വികളിൽപ്പോലും തകർന്നടിയുന്ന കാഴ്ചകളും കുറവല്ല. മാർഗമല്ല, ലക്ഷ്യമാണു പ്രധാനമെന്ന തലതിരിഞ്ഞ മൂല്യക്രമം പ്രഘോഷിക്കുന്ന പ്രത്യയശാസ്ത്രങ്ങൾക്കടിപ്പെട്ട് വിജയം കൊയ്യാൻ എന്തും ചെയ്യാൻ മടിക്കാത്തവരുടെ എണ്ണം പെരുകുന്നതും ഇപ്രകാരമുള്ള ശരിയായ വിദ്യാഭ്യാസത്തിന്റെ അഭാവത്തിലാണ്. പണംകൊണ്ടു പ്രവേശനവും വിജയവും വരെ ഉറപ്പാക്കാൻ കുട്ടികളെ ശീലിപ്പിക്കുന്ന മാതാപിതാക്കൾ പണമാണു സർവ്വപ്രധാനമെന്ന പാഠമാണ് തങ്ങളുടെ മക്കളിൽ രൂഢമൂലമാകുന്നതെന്നു മറന്നുപോകരുത്. നേരായ വിദ്യാഭ്യാസത്തിന്റെ അഭാവമാണ് സമൂഹത്തിന്റെ സുസ്ഥിതിയെ പിന്നോട്ടടിക്കുന്നതും അധാർമ്മികതയ്ക്കു വളമാകുന്നതും.

അറിവിനെ ബൗദ്ധികതലത്തിലൊതുക്കാതെ ആഴങ്ങളിലേക്കിറക്കി മൂല്യങ്ങളെ ഹൃദയത്തിൽ കോറിയിടുന്ന ശൈലിയാണ് വിദ്യാഭ്യാസപ്രക്രിയയിൽ നാം അവലംബിക്കേണ്ടത്. പുസ്തകത്താളുകളിലെ കേവല അറിവുകൾക്കപ്പുറം ജീവിതവിജയത്തിനുപകരിക്കുന്ന വിജ്ഞാനത്തിന്റെ കലവറകളായി നമ്മുടെ പാഠശാലകൾ രൂപാന്തരപ്പെടേണ്ടതുണ്ട്. മനസിലായോ എന്ന ചോദ്യം പലപ്പോഴും അദ്ധ്യാപകർ കുട്ടികളോട് ഉന്നയിക്കാറുണ്ടല്ലോ. അറിവിനെ തലയിൽ നിറയ്ക്കുകയല്ല, മറിച്ച് ജ്ഞാനത്തെ മനസിൽ നിറയ്ക്കലാണു വിദ്യാഭ്യാസമെന്ന സത്യത്തിന്റെ പരോക്ഷ പ്രഘോഷണമെന്ന് ഈ ചോദ്യത്തെ പുനർവായിക്കാനാകും. സുമനസ്സുകളുടെ രൂപീകരണം നല്ല സമൂഹത്തിന്റെ നിർമ്മിതിയിൽ അത്യന്താപേ

ക്ഷിതമാണ്. ബാഹ്യപ്രകൃതിയല്ല ആന്തരികവ്യക്തിത്വമാണല്ലോ സുപ്രധാനം. ഉള്ളം എങ്ങനെയാണോ അതാണ് യഥാർത്ഥത്തിൽ നാമായിരിക്കുന്ന അവസ്ഥ. ഹൃദയത്തിന്റെ നിറവിൽ നിന്നാണല്ലോ അധരം സംസാരിക്കുന്നത് (ലൂക്ക 6, 45). അതുപോലെതന്നെ ഉള്ളിൽനിന്ന്, ഹൃദയത്തിൽനിന്നു പുറപ്പെടുന്നവയാണല്ലോ ഒരുവനെ അശുദ്ധനാക്കാൻ കെൽപ്പുള്ളതും (മത്താ. 15, 18). അതിനാൽ നല്ല ഹൃദയങ്ങളുടെ രൂപവത്കരണത്തെ (ഹൃദയവിശാലതയും വിശുദ്ധിയും), ആന്തരിക സൗന്ദര്യത്തെ ലക്ഷ്യം വയ്ക്കുന്നതാകണം വിദ്യാഭ്യാസം.




തലച്ചോറിന്റെ മാത്രം വികാസമല്ല വിദ്യാഭ്യാസം ലക്ഷ്യമിടുന്നത്. അത് ഒരുവന്റെ ശാരീരികവും മാനസികവും ബൗദ്ധികവും ആത്മീയവുമായ വളർച്ചയ്ക്ക് ഉതകുന്നതാകണം. സമഗ്രവ്യക്തിത്വത്തിനു ജന്മമേകാനാകുമ്പോഴാണ് വിദ്യാഭ്യാസം രണ്ടാം ജന്മമാണെന്ന ഡോ. എസ്. രാധാകൃഷ്ണന്റെ വാക്കുകൾ അർത്ഥപൂർണ്ണമാകുന്നത്. ഇത്തരമൊരു സമഗ്രവളർച്ച നാം ദർശിക്കുന്നത് സുവിശേഷത്തിലെ ഈശോയിലാണ്. ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ (ലൂക്കാ 2, 52) മനുഷ്യനായിപ്പിറന്ന ദൈവകുമാരനെ വളർത്തിയ മറിയം നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കു മാർഗദീപമാകട്ടെ. ചിന്താശക്തിയുള്ള മൃഗമെന്ന് മനുഷ്യനെ നിർവചിച്ചത് തത്ത്വചിന്തകനായ അരിസ്റ്റോട്ടിലാണ്. നമ്മുടെ വിദ്യാഭ്യാസരംഗത്തെ കലുഷിതമാക്കുന്ന പുതിയ പരിഷ്ക്കാരങ്ങൾ വിദ്യാർത്ഥികളുടെ ചിന്താശേഷിയെ യാതൊരുതരത്തിലും ഹനിക്കുന്നതാകരുത്. ചിന്തയ്ക്ക് ഇടം നൽകാതെ തങ്ങളുടെ പ്രത്യയശാസ്ത്രങ്ങളെ വിദ്യാർത്ഥിമനസ്സുകളിൽ അടിച്ചേൽപ്പിക്കാനുള്ള ഭരണവർഗങ്ങളുടെ കുടിലതയെ തിരിച്ചറിഞ്ഞ് ചെറുക്കേണ്ടതും അതിനാലാണ്. സെക്കുലറിസത്തിന്റെ ചിന്താധാരയെ അവഗണിക്കരുത്. എന്നാൽ സെക്കുലറിസത്തിന്റെ പേരിൽ ദൈവത്തേയും സനാതനമൂല്യങ്ങളേയും പാടെ ഉപേക്ഷിച്ചുകൊണ്ട് വിദ്യാഭ്യാസ പ്രക്രിയ മുന്നോട്ടുകൊണ്ടുപോയാൽ അതു സമൂഹത്തിന്റെ ശോഭനമായ ഭാവിയെ അപകടത്തിലാക്കുമെന്നത് നിശ്ചയമാണ്.

സോളമനിലേക്ക് മടങ്ങിയെത്താം. വിവേകം ആവശ്യപ്പെട്ട സോളമനു ദൈവം അളവറ്റ ജ്ഞാനവും ഉൾക്കാഴ്ചയും കടൽത്തീരം പോലെ വിശാലമായ ഹൃദയവും പ്രദാനം ചെയ്തു (രാജാ. 4, 29). വിദ്യാഭ്യാസം നമ്മുടെ ഉൾക്കണ്ണുകളെ തുറക്കട്ടെ, കാഴ്ചയ്ക്ക് മിഴിവു പകരട്ടെ. സർവ്വോപരി സകലരേയും സകലതിനേയും ഉൾക്കൊള്ളാൻ, വിവേകത്തോടെ വിലയിരുത്താൻ നമ്മുടെ ഹൃദയവാതിലുകളെ വിശാലമായി തുറന്നിടട്ടെ. ■





# ഫാദർ ഇൻചാർജ്ജിന്റെ ഫോട്ടോ




ബ്രദർ റോണാൾഡ് ജോർജ്ജ് (ISch)

ബെംഗ്ലൂരുവിലുള്ള ഷേൺസ്റ്റാട്ട് സെമിനാരിയിലെ ഒരു വൈകുന്നേരം. ഞാനടക്കം കുറച്ച് ബ്രദേഴ്സ് കന്നഡ ഭാഷയിലെ അറിയാവുന്ന വാക്കുകൾ മാറിമാറി പറഞ്ഞിട്ടും ഞങ്ങളെയെല്ലാം വല്ലാതെ വലച്ച ഒരു അഞ്ചാംക്ലാസ്സുകാരി പെൺകുട്ടിയുടെ മുൻമ്പിൽ നിസഹായരായി നിൽക്കുകയാണ്. അവസാനം ഞങ്ങൾ ഊഹിച്ചെടുത്തു അവ ൾക്ക് വേണ്ടത് ഇൻചാർജ് ഫാദറിന്റെ ഒരു ഫോട്ടോയാണ്. വിവിധ മതങ്ങളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ സംഘടിപ്പിച്ച് അവ നോട്ട്ബുക്കിൽ ഒട്ടിച്ച് ടീച്ചറെ കാണിക്കുവാനുള്ള ഒരു ഹോംവർക്കിന്റെ ഭാഗമായിട്ടാണ് അവൾ ഇവിടെ എത്തിയത് എന്ന് ഞങ്ങൾ മനസ്സിലാക്കി. മുറിയിൽ ചെന്ന് ഒരു മാസികയിൽ കണ്ട ഒരു വൈദികന്റെ വെള്ളയുടുപ്പിട്ട ചിത്രം വെട്ടിയെടുത്ത് അവൾക്ക് കൊടുത്തു. കാര്യം അവസാനിച്ചല്ലോ എന്ന് വിചാരിച്ച എന്നോട് അവൾ തീർത്തുപറയുന്നു – "ഇതല്ല, ഇതല്ലല്ലോ നിങ്ങളുടെ ഇൻചാർജ് ഫാദർ!" എനിക്ക് അതിശയമയി, ഇവൾ എങ്ങിനെയാണ് ഇത് ഞങ്ങളുടെ റെക്ടറച്ചന്റെ ചിത്രമല്ല എന്ന് തിരിച്ചറിഞ്ഞത്? നേരിയ ഭയത്തോടെ മറ്റൊരു ചിന്ത മനസ്സിലേയ്ക്കു കയറി – വല്ല കോട്ടേഷൻ ടീമോ മറ്റോ ആയിരിക്കുമോ ഈ കുട്ടിയെ ഇവിടെയുള്ള ഇൻചാർജ്ജ് ഫാദറിന്റെ ഫോട്ടോയ്ക്കു വേ ണ്ടി പറഞ്ഞ് വിട്ടത്. ഞാ നവളോട് തീർത്തു പറഞ്ഞു "ഇതേയു ള്ളു പൊയ്ക്കോളൂ" അപ്പോൾ ആ കൊച്ചുകുട്ടി എന്റെ കൈപിടിച്ചുകൊണ്ട് സെമിനാരിയുടെ മുൻ വശത്തേയ്ക്കു നടന്നു, അവിടെയുള്ള ക്രിസ്തുവിന്റെ തിരുഹൃദയ രൂപത്തിലേയ്ക്കു വിരൽചൂണ്ടി അവൾ ചോദിച്ചു "ഇതല്ലേ നിങ്ങളുടെ ഇൻചാർജ് ഫാദർ"? തിരുഹൃദയത്തിന്റെ ഒരു ചിത്രം ഞാൻ അവൾക്ക് സ്നേഹപൂർവ്വം കൊടുത്തു. അവൾ അതിയായ സന്തോഷത്തോടെ നന്ദി പറഞ്ഞുകൊണ്ട് ഗെയ്റ്റ് കടന്നു. ഇക്കാര്യങ്ങൾ കുഞ്ഞുങ്ങളിലൂടെ ഞങ്ങൾക്ക് വെളിപ്പെടുത്തിത്തരുന്ന ദൈവത്തെ നന്ദിയോടെ ഓർത്തുകൊണ്ട് ഞാൻ ഗാർഡനിലെ പണിതുടർന്നു. ■



"മറ്റുള്ളവരെ നിസ്വാർത്ഥമായി സേവിക്കുന്നവൻ രാജകീയമായ സേവനത്തിന്റെ പാതയിലാണ്."






ജോണി ചേട്ടന് എന്നും തുമ്മലാണ്. വീട്ടുകാർക്കെല്ലാം ജോണിചേട്ടനോട് വല്ലാത്ത ഈർഷ്യ തോന്നി തുടങ്ങി. ജോണി ചേട്ടൻ കാണാത്ത ഡോക്ടർമാരില്ല. ചെയ്യാത്ത ആയുർവ്വേദ മരുന്നുകളുമില്ല. എല്ലാവർക്കും തന്റെ സാന്നിദ്ധ്യം ഒരു ശല്യമായതിനാൽ ജോണിചേട്ടൻ ഒരാഘോഷങ്ങൾക്കും പോകാറില്ല. പള്ളിയിൽപോക്കുപോലും കുറഞ്ഞു. എന്തിനു പറയുന്നു, സ്വന്തം ഭാര്യയുടെ മുമ്പിൽ പോലും പ്രത്യക്ഷപ്പെടുന്നില്ല. അറുപതു വയസ്സായപ്പോഴേക്കും പുള്ളിക്കാരൻ ഒറ്റപ്പെട്ടു തുടങ്ങി. വല്ലാത്ത നിരാശയിലും പിരിമുറുക്കത്തിലുമായി ജീവിതം തള്ളി നീക്കുന്നു.

ജോണിചേട്ടന്റെ കൊച്ചു മകൻ എം.ബി.ബി.എസിനു പഠിക്കുന്നു. അപ്പൂപ്പന്റെ വിഷമം മനസ്സിലാക്കിയ അവൻ അപ്പൂപ്പന്റെ തുമ്മൽ മാറ്റികൊടുക്കാമെന്നും പറഞ്ഞു. പക്ഷെ ജോണിചേട്ടനു വിശ്വാസമായില്ല. ഡോക്ടർമാർക്കു സാധിക്കാത്ത കാര്യമാണോ ഡോക്ടറിനു പഠിക്കുന്ന നീ മാറ്റുന്നത് എന്നും പറഞ്ഞു കളിയാക്കി. അപ്പൂപ്പന്റെ തുമ്മൽ ഞാൻ മാറ്റിത്തരാമെന്ന് അവൻ നിശ്ചയദാർഢ്യത്തോടെ പറഞ്ഞപ്പോൾ ജോണി ചേട്ടൻ സമ്മതിച്ചു. പക്ഷെ കൊച്ചു മകന് ഒരു ഡിമാന്റുണ്ട്. അപ്പൂപ്പന്റെ തുമ്മൽ മാറിയാൽ അവന് ഒരു ബുള്ളറ്റ് വാങ്ങി കൊടുക്കണം. അത് ജോണി ചേട്ടൻ സമ്മതിച്ചു. കാരണം ജോണി ചേട്ടനറിയാം ജോണി ചേട്ടന്റെ തുമ്മൽ മാറില്ല എന്നത്. ജോണി ചേട്ടൻ ബുള്ളറ്റിനുള്ള തുക ഒരു ചെക്കെഴുതി കൊച്ചു മകനെ ഏൽപിച്ചു. കൊച്ചു



മകൻ ഒരു കത്രികയെടുത്ത് വെറും അഞ്ചു സെക്കന്റുകൊണ്ട് അപ്പൂപ്പന്റെ തുമ്മൽ പ്രശ്നം മാറ്റിക്കൊടുത്തു. എങ്ങനെയായിരിക്കും അവൻ അത് പരിഹരിച്ചത്? അപ്പൂപ്പന്റെ തുമ്മലിനു കാരണം അപ്പൂപ്പന്റെ മൂക്കിനുള്ളിൽ വളർന്നു വലുതായ രോമങ്ങളായിരുന്നു. അത് അവൻ നീക്കം ചെയ്തപ്പോൾ അപ്പൂപ്പന്റെ തുമ്മൽ മാറി. കൊച്ചു മകന് അഞ്ച് സെക്കന്റിന്റെ ജോലി... ജോണി ചേട്ടന് നഷ്ടമായത് രണ്ടു ലക്ഷവും. എങ്കിലും തന്റെ പ്രശ്നം പരിഹരിക്കപ്പെട്ടതിൽ ജോണി ചേട്ടന് സന്തോഷമായി.

**നമുക്കൊന്നു കാതോർക്കാം**

"ഒരില ഒരു തണലാണ്
ഒരു മഴത്തുള്ളി ഏകാകിയായ കടലും"

JK

# പ്രവാചക ചരിത്രം



## ചെറിയവരുടെ സന്തോഷത്തിലൂടെ

ഡോ. ജോയ് പുതുശ്ശേരി ISch

കുട്ടികളുടെ അടുത്ത് അവരിൽ ഒരാളായി മാറാൻ കെന്റണിക്കച്ചന് പെട്ടെന്ന് കഴിയുമായിരുന്നു. അച്ചനെ കാണാൻ കുടുംബങ്ങൾ വരുമ്പോൾ ചിലർ മക്കളെയും കൂട്ടി വരും. തന്നെ സന്ദർശിക്കാൻ വരുന്ന എല്ലാവർക്കും എന്തെങ്കിലും സമ്മാനം കൊടുക്കുക പതിവാണ്. കുട്ടികൾക്ക് അവർക്ക് പറ്റിയ എന്തെങ്കിലും സമ്മാനം കൊടുക്കാറുണ്ട്. സമ്മാനവുമായി പുറത്ത് വരുന്ന അച്ചൻ രണ്ട് കൈകളും ചുരുട്ടി പിന്നിലാക്കിയിട്ട് ചോദിക്കും: 'ഇടതുകൈയിലാണോ വലതുകൈയിലാണോ മിഠായി' എന്ന്. ഇടതുകൈയിലാണെന്നു പറഞ്ഞാൽ പെട്ടെന്ന് മിഠായി വലതുകൈയിലേക്ക് മാറ്റിയിട്ട് ശൂന്യമായ ഇടതുകൈ കാണിക്കും. കുട്ടികൾ പെട്ടെന്ന് വലതുകൈയിലാണെന്ന് ഉത്തരം പറയുകയാണെങ്കിൽ അച്ചൻ വീണ്ടും ഇടതുകൈയിലേക്ക് മാറ്റും. അങ്ങനെ കുറച്ച് നേരം കുട്ടികളോടൊപ്പം കളിച്ചിട്ട് മിഠായി കൊടുക്കും. ചിലപ്പോൾ ഒരു കൊന്തയും കൂട്ടത്തിൽ ഒരു ഉപദേശവും : 'കൊന്ത ചൊല്ലുമ്പോൾ പ്രാർത്ഥനയുടെ മധുരവും നുണയണം' എന്ന്.

ഷേൺസ്റ്റാട്ട് പ്രസ്ഥാനത്തിൽ അംഗമായ ഒരു കുടുംബം കെന്റണിക്കച്ചനെ കാണാനും അച്ചനോടൊപ്പം ഭക്ഷണം കഴിക്കുന്നതിനും അനുവാദം ചോദിച്ചു. ഒത്തിരി തിരക്കുണ്ടായിട്ടും അച്ചനത് സമ്മതിച്ചു. അച്ചന്റെ മരണത്തിന് കുറച്ച് മാസങ്ങൾക്കു മുൻപായിരുന്നു ഈ സംഭവം. അച്ചനെ കാണാൻ അവർ ഷേൺസ്റ്റാട്ട് മലയിൽ വന്നു. കൂട്ടത്തിൽ അവരുടെ മകൾ മരിയയും ഉണ്ടായിരുന്നു. എല്ലാവരെയും സ്വീകരിച്ച് സ്വാഗതമരുളി. മരിയയെ അവൾക്ക് ഇഷ്ടപ്പെടുന്ന വിധത്തിൽ സ്വാഗതം ചെയ്യാനായി അച്ചൻ ക്ഷണിച്ചു. ശിശുസഹജമായ സങ്കോചത്താൽ അവൾ പോയില്ല. സാവധാനം അച്ചന്റെ അടുത്തേക്ക് വന്ന് കെന്റണിക്കച്ചന്റെ താടിയിൽ പിടിച്ചതോടെ മരിയയുടെ പേടി മാറി. സംഭാഷണത്തിനു ശേഷം ആ കുടുംബം അച്ചന് ഒരു സമ്മാനം നൽകി. അച്ചനും അവർക്ക് സമ്മാനങ്ങൾ നൽകി. മരിയയ്ക്ക് അച്ചൻ ഒരു സമ്മാനം നൽകിയപ്പോൾ മരിയയുടെ മറുപടി എല്ലാവരേയും അത്ഭുതപ്പെടുത്തി. യൂറോപ്യൻ സംസ്കാരത്തിൽ എന്ത് സമ്മാനമായി ലഭിച്ചാലും നന്ദി പറയാൻ കുട്ടികളെ ചെറുപ്പത്തിൽ പഠിപ്പിക്കും. ഇതനുസരിച്ച് മരിയ നന്ദി പറയുമെന്നാണ് അവർ കരുതിയത്. അതിനു വിപരീതമായിട്ട് മരിയ പറഞ്ഞു: 'ഇനിയും വേണം'. കെന്റണിക്കച്ചൻ ഉടനെതന്നെ മുറിയിൽ പോയി വേറെ മൂന്ന് കൊന്തകൾ കൂടി കൊണ്ടുവന്നു. ചെറിയവരുടെ സന്തോഷം സ്വന്തം സന്തോഷമാക്കി മാറ്റാൻ അച്ചന് കഴിയുമായിരുന്നു. 1965-ലെ ക്രിസ്മസിന് ഷേൺസ്റ്റാട്ട് മലയിൽ രാത്രി 10 മണിക്ക് പാതിരാകുർബ്ബാനയ്ക്ക് വരിയായിരുന്ന അച്ചനെ കണ്ട് സംസാരിക്കാൻ ഒരു കുടുംബത്തിന് ഭാഗ്യം ലഭിച്ചു. അച്ചനെ കണ്ടതിനു ശേഷം കുട്ടികൾ പരസ്പരം സംസാരിച്ചപ്പോൾ അവർ പറഞ്ഞു: "അങ്ങനെയൊരു അപ്പച്ചനെയാണ് നമുക്ക് വേണ്ടത്".

സ്വന്തം മക്കൾ അച്ചനെക്കുറിച്ച് പറഞ്ഞത് വളരെ താൽപ്പര്യത്തോടെ മാതാപിതാക്കൾ പിന്നീട് പറയുകയുണ്ടായി. മക്കൾ കെന്റണിക്കച്ചനെക്കുറിച്ച് പറഞ്ഞ അഭിപ്രായം മാതാപിതാക്കൾക്ക് ഒരു പാഠവും നൽകി.

"സ്നേഹമാണ് എന്റെ ഏറ്റവും വലിയ ദൈവവിളി."





# ബാലദൂത്



## പ്രാക്റ്റിക്കൽ എക്സാം

പ്രിയ കൂട്ടുക്കാരേ,

ദീർഘകാലത്തെ പഠനത്തിനും പരിശീലനത്തിനും ശേഷം ഗുരുനടത്തിയ എല്ലാ പരീക്ഷകളിലും ഉന്നത വിജയം നേടിയ തന്റെ പ്രിയ ശിഷ്യന്മാരെ ഗുരു അനുഗ്രഹിച്ച്, അവരുടെ ഗ്രാമങ്ങളിലേക്ക് യാത്രയാക്കി. ഗുരുകുലത്തിലെ മധുരസ്മരണകൾ പരസ്പരം പറഞ്ഞും അയവിറക്കിയും അവർ നടന്നു നീങ്ങി. വൈകുന്നേരമായപ്പോഴെയ്ക്കും അവർ തങ്ങളുടെ ഗ്രാമത്തിന്റെ അതിർത്തി പ്രദേശത്ത് എത്താറായി. എങ്കിലും ഗ്രാമത്തിൽ പ്രവേശിക്കുവാൻ കാട്ടിലൂടെയുള്ള ഒരു ഒറ്റയടിപാതയിലൂടെ നടക്കേണ്ടതുണ്ട്. തങ്ങളുടെ ഗ്രാമത്തിലേയ്ക്ക് എത്താറായല്ലോ എന്നുള്ള സന്തോഷത്തിൽ അവർ തിടുക്കത്തിൽ ആ ഒറ്റയടി പാതയിലേക്ക് പ്രവേശിച്ചപ്പോഴാണ് പെട്ടെന്ന് അതു കണ്ടത്. തങ്ങൾക്ക് കടന്നുപോകേണ്ട വഴിയിൽ നിറയെ ആരോ മുള്ളുകൾ വിതറിയിരിക്കുന്നു. മുള്ളിൽ തട്ടാതെ കാലുകുത്താൻ ഒരിടം പോലും ആ വഴിയിൽ ഇല്ലായെന്ന് അവർ മനസ്സിലാക്കി. എന്തുചെയ്യും എന്ന് അവർ പരസ്പരം ആലോചിച്ചു. അല്പ്പം ചുറ്റിവളഞ്ഞാണെങ്കിലും മറ്റൊരു വഴിയേ ഗ്രാമത്തിലേയ്ക്ക് പോകാം എന്നായിരുന്നു കൂട്ടത്തിൽ ഒരുവൻ നിർദ്ദേശിച്ചത്. അത് ഏവർക്കും സ്വീകാര്യമാവുകയും ചെയ്തു. എന്നാൽ ശിഷ്യരിൽ മറ്റൊരാൾ പറഞ്ഞു, നാം വഴിമാറി പോകരുത്. വഴിയിലെ ഈ മുള്ളുകൾ നമ്മൾത്തന്നെ നീക്കം ചെയ്യണം. അല്ലാത്തപക്ഷം രാത്രിയിൽ ഈ വഴി വരുന്ന നമ്മുടെ സാധുക്കളായ ആളുകളുടെ കാലിൽ മുള്ളുകൾ തറയ്ക്കും. ഇങ്ങനെ പറഞ്ഞ് ആ ശിഷ്യൻ വഴിയിലെ മുള്ളുകൾ ഓരോന്നായി പെറുക്കി മാറ്റാൻ തുടങ്ങി. എന്നാൽ ബാക്കിയുള്ളവർ അതിൽ താല്പര്യം കാണിക്കാതെ മറ്റൊരു വഴിയെ യാത്ര തുടരാൻ തുനിയവേ, തൊട്ടടുത്തുള്ള പൊന്തക്കാട്ടിൽ നിന്നും എന്തോ അനക്കം കണ്ട് പേടിച്ച് നില്ക്കുമ്പോൾ, അതാ തങ്ങളുടെ ഗുരു ആ കുറ്റിക്കാട്ടിൽ നിന്നും ചാടി വരുന്നു. പകച്ചു നിന്ന ശിഷ്യരോട് ഗുരു പറഞ്ഞു. താനാണ് ഗ്രാമവാസികളുടെ സഹായത്താൽ വഴിയിൽ മുള്ളുകൾ നിറച്ചത്. നിങ്ങൾ ഗുരുകുലത്തിലെ എല്ലാ പരീക്ഷകളു ജയിച്ചു. എന്നാൽ ഞാൻ നിങ്ങൾക്കായി ഒരുക്കിയ ഈ പ്രായോഗിക പരീക്ഷണത്തിൽ, വഴിയിലെ മുള്ളുകൾ നീക്കം ചെയ്യാൻ ശ്രമിച്ച ആ ശിഷ്യൻ മാത്രമാണ് വിജയിച്ചത്. അപരന്റെ സംരക്ഷണം ഓരോ ശിഷ്യന്റെയും ഉത്തരവാദിത്വമാണ്. പാതയിലെ മുള്ളുകൾ നീക്കം ചെയ്യുവാൻ നിങ്ങളും കൂടേണ്ടതായിരുന്നു എന്നു ഗുരു അവരെ ഗുണദോഷിച്ചു.

കൂട്ടുകാരേ, നമ്മുടെ അറിവും പഠനവുമെല്ലാം മറ്റുള്ളവരെ സഹായിക്കാൻ ലക്ഷ്യം വെയ്ക്കുന്നതാണ് എന്ന് ഉറപ്പുവരുത്താം. പ്രത്യാശാനിർഭരമായ ഭാവിക്കുവേണ്ടി നല്ലൊരു വിദ്യാരംഭം നേർന്നുകൊണ്ട്

**സ്നേഹപൂർവ്വം**

**നിങ്ങളുടെ ദോസ്ത്**





ഹൃദയമൊഴി

ഡോ. ജോയ് പുതുശ്ശേരി ISch

# പ്രതിബന്ധങ്ങളെ നേരിടാൻ

*അക്ഷരനക്ഷത്രങ്ങളെ കൈവിരലിൽ അണിഞ്ഞു*
*തൂലികയാൽ സ്വപ്നവർണ്ണ ചിറകുവിരിച്ചു*
*ഈ ഭൂവിൽ ചരിക്കേണ്ട കുരുന്നുകളെ*
*അണയാത്ത തിരിനാളമായ്*
*മായാത്ത ഓർമ്മകളായ് വറ്റാത്ത പുഴയായ്*
*തിരയടങ്ങാത്ത കടലായ്*
*എവിടെക്കു പോയി മറഞ്ഞു നിങ്ങൾ*


ഒരു കയറിൻ തുമ്പിൽ, ഒരു കുപ്പി വിഷത്തിൽ – പിടയുന്ന കുട്ടികളുടെ കഥ പറയുന്നു പത്രങ്ങൾ ദിനംപ്രതി. മക്കളുടെ തണുത്തു മരവിച്ച കുഞ്ഞു ശരീരം കെട്ടിപ്പിടിച്ചു കരയുന്നു മാതാപിതാക്കൾ. ഇവയെല്ലാം കേൾക്കുമ്പോഴും കാണുമ്പോഴും നാം അറിയാതെ ചോദിച്ചു പോകുന്നു, എന്തുപറ്റി ഈ തലമുറയ്ക്ക്, എവിടെപ്പോയി ഈ കുട്ടികളുടെ ധൈര്യം. ജീവിക്കാൻ മറന്നു, നൈരാശ്യത്തിന്റെ പടുകുഴിയിൽ അകപ്പെട്ടു സ്വയം ജീവൻ ഹോമിക്കാൻ എന്താണ് കാരണം? ആരാണ് കാരണം? ഈ യുവജനതയുടെ സ്വപ്നങ്ങൾക്കും ആഗ്രഹങ്ങൾക്കും ആരാണ് കരിങ്കൊടി നാട്ടിയത്? ജീവിതയാത്രയിൽ എവിടെയാണ് ഈ കുട്ടികൾക്കു വഴിതെറ്റിയത്?

ഒന്നോ അല്ലെങ്കിൽ രണ്ടോ മക്കളും മാതാപിതാക്കളും മാത്രം അടങ്ങുന്നു ഇന്നത്തെ കുടുംബങ്ങൾ– ന്യൂക്ലിയർ കുടുംബങ്ങൾ. ഇത്തരം കുടുംബങ്ങളിൽ ജീവിക്കുന്ന മക്കൾക്ക്, കൂട്ടുകുടുംബത്തിൽ നിന്നും, ധാരാളം സഹോദരീ സഹോദരങ്ങൾ ഒരുമിച്ചു വാഴുന്ന കുടുംബത്തിൽ നിന്നും ലഭിക്കുന്ന നന്മകളും പാഠങ്ങളും നഷ്ടമായിരിക്കും. പങ്കുവെയ്ക്കലിന്റെയും പരസ്പരം വിട്ടുവീഴ്ചകളുടെയും ലോകത്തിൽ നിന്നും ഞാൻ – പിന്നെ ഞാൻ മാത്രം എന്ന ഒരു കുഞ്ഞുലോകത്തിലേക്ക് അവർ ഒറ്റപ്പെട്ട് പോയിരിക്കുന്നു. താൻ ചോദിക്കുന്നതെന്തും തനിക്ക് സാധിച്ചുതരുന്ന മാതാപിതാക്കൾ, കരഞ്ഞും പട്ടിണികിടന്നും, ബഹളം വെച്ചും ഞാൻ ആഗ്രഹിച്ചതെല്ലാം നേടിയെടുക്കുന്ന ഈ കുട്ടികൾ അവരുടെ കുഞ്ഞു ലോകത്തെ രാജകുമാരനും, രാജകുമാരിയുമായി വാഴുന്നു. താൻ ആഗ്രഹിക്കുന്നതെല്ലാം തനിക്കു ലഭിക്കും എന്ന ഒരു ചിന്താഗതി ഈ കുട്ടികളിൽ വളർന്നു വരുന്ന കുടുംബസാഹചര്യങ്ങൾ.

എന്നാൽ വിദ്യാലയം എന്ന മഹാസാഗരത്തിലേക്ക് പ്രവേശിക്കുമ്പോൾ അവർ കണ്ടതും കേട്ടതുമല്ലാത്ത ഒരു പുതിയ ലോകത്തിലാണ് അവർ എത്തിച്ചേരുന്നത്. അവിടെ പഠനത്തിന്റെ സമ്മർദ്ദം, പല സ്വഭാവക്കാരായ കുട്ടികളുമായുള്ള ഇടപെടലുകൾ, അദ്ധ്യാപകരുടെ സമ്മർദ്ദം, മാതാപിതാക്കളുടെ മോഹങ്ങൾ സാക്ഷാത്കരിക്കാനുള്ള സമ്മർദ്ദം, ഇവയെല്ലാം ഇവരെ പതിയെ വേട്ടയാടാൻ തുടങ്ങും. അവരുടെ ഉള്ളിൽ ഭയം, നിരാശ, കോപം (കൺഫ്യൂഷൻ) എന്നീ പുതിയ വികാരങ്ങൾ നിറയും. പലപ്പോഴും അവയെ ചെറുത്തു നിൽക്കാൻ കഴിവില്ലാതെ ഇവരിൽ ചിലർ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമായി സ്വന്തം ജീവൻ തന്നെ ത്യജിക്കുകയാണ് നല്ലതെന്ന് തീരുമാനത്തിലേക്ക് എത്തിച്ചേരുന്നു. പ്രശ്നങ്ങളുടെയും തോൽവികളുടെയും മുന്നിൽ കാൽ പതറിപോകുന്ന ഇവർക്ക് മനോധൈര്യത്തോടെ അവയെ നേരിടാൻ

സാധിക്കാതെ വരുന്നു. പ്രതിബന്ധങ്ങളെ നേരിടാനുള്ള കരുത്ത് നഷ്ടപ്പെടുന്ന ഒരു തലമുറയാണ് ഇന്നത്തെ ന്യൂക്ലിയർ കുടുംബങ്ങളിലൂടെ രൂപപ്പെടുന്നത്.

മക്കളെ, അവരുടെ മാത്രം ഇഷ്ടങ്ങൾ അനുസരിച്ച് വളർത്തുന്ന, അവരുടെ എല്ലാ ആഗ്രഹങ്ങളും നിറവേറ്റുന്ന റോബോട്ടുകളാകരുത് മാതാപിതാക്കൾ. മക്കളോട് 'അതെ' എന്നും 'ഇല്ല' എന്നും പറയേണ്ട സമയത്ത് പറയാനും, എന്തുകൊണ്ട് 'ഇല്ല' എന്ന് പറഞ്ഞു എന്ന് അവരെ ചിന്തിപ്പിക്കാനും കഴിവുള്ളവരാകണം മാതാപിതാക്കൾ. ശിക്ഷിക്കാനും സ്നേഹിക്കാനും ഉയർത്തുവാനും താങ്ങാനും കഴിയണം മാതാപിതാക്കൾക്ക്. അങ്ങനെ നാം ചെയ്യുമ്പോൾ പ്രതിബന്ധങ്ങളെയും വെല്ലുവിളികളെയും നേരിടാൻ കഴിവുള്ള, പക്വത നിറഞ്ഞ വ്യക്തിത്വങ്ങളെ നമുക്ക് വാർത്തെടുക്കാൻ കഴിയും.



ചിരിയും സന്തോഷവും ജയവും സമ്മാനങ്ങളും മാത്രമുള്ള പട്ടുമെത്തയല്ല ജീവിതം. തോൽവിയും നിസ്സഹായതയും വീഴ്ചയും കണ്ണുനീരും വേദനയും ഇല്ലായ്മയും എല്ലാം കലർന്നതാണ് ജീവിതം എന്ന് ഇന്നത്തെ തലമുറയെ നാം പഠിപ്പിക്കണം. അത്തരം അനുഭവങ്ങളിലൂടെ കടന്നുപോകാൻ നാം അവരെ ഒരുക്കണം. ഞാൻ ആഗ്രഹിച്ചതെല്ലാം എനിക്ക് ലഭിച്ചില്ലെങ്കിലും, നേട്ടങ്ങളുടെ വാതിലുകൾ എന്നും എന്റെ മുന്നിൽ തുറന്നില്ലായെങ്കിലും ജീവിതം മുന്നോട്ട് പോകും എന്ന ബോദ്ധ്യം നാം അവർക്ക് നല്കണം.

കരയാനും, ആ കരച്ചിൽ തളർന്നാൽ, തനിയെ വീണ്ടും ആ തളർച്ചയിൽ നിന്നും എഴുന്നേൽക്കാനുമുള്ള ധൈര്യം നാം അവർക്ക് നല്കണം. ഒരു പക്ഷെ, ഈ കുഞ്ഞുങ്ങൾ ചിന്താതെ പോയ കണ്ണുനീർ തുള്ളികൾ പിൽക്കാലത്ത് നമ്മെ നോക്കി ചോദിക്കും, എന്തേ എന്നെ അന്ന് കരയാൻ നിങ്ങൾ അനുവദിച്ചില്ല, ആ ചോദ്യത്തിനു മുമ്പിൽ നമ്മുടെ കണ്ണുനീർ ആകരുത് ഉത്തരം. സുഖവും ദുഃഖവും നിറഞ്ഞ ജീവിതാനുഭവങ്ങളിലൂടെ സ്വയം പുതിയ പാഠങ്ങൾ പഠിച്ചു, നൈരാശ്യത്തിന്റെ കയങ്ങളിലേക്ക് താഴ്ന്നു പോകാതെ, ജീവിതം സധൈര്യം നേരിടുന്ന ഒരു യുവതലമുറയെ നമുക്ക് വാർത്തെടുക്കാം. പാതിവഴിയിൽ വിട്ടുപോകാനുള്ളതല്ല ജീവിതം. മറിച്ച് ജീവിക്കാനുള്ളതാണ് ജീവിതം. അത് ഏത് സാഹചര്യത്തിൽ ആണെങ്കിൽ പോലും എന്നും പറയുന്ന ഒരു യുവതലമുറയെ നമുക്ക് സൃഷ്ടിക്കാം. ■

# വാർത്താജാലകം

❖ **അവധികാല പരിപാടികൾ :**

സാൾട്ടിന്റെ നേതൃത്വത്തിൽ ഏപ്രിൽ– മെയ് മാസങ്ങളിൽ തൃശ്ശൂർ അതിരൂപതയിലെ തിരൂർ, ചൂണ്ടൽ, മണലൂർ, ചോറ്റുപാറ, അവണ്ണൂർ എന്നീ ഇടവകകളിലെ വേദപാഠവിദ്യാർത്ഥികൾക്കായി അവധിക്കാല ക്യാമ്പുകൾ നടത്തി. ആളൂർ മൈനർ സെമിനാരിയിലും കുറ്റൂർ സീയോൻ സെന്ററിലും യുവജനങ്ങൾക്ക് വേണ്ടിയുള്ള ക്യാമ്പുകൾ സംഘടിപ്പിച്ചു. സാൾട്ടിന്റെ വാർഷികാഘോഷവും ചക്കമഹോത്സവവും അവധിക്കാല പരിപാടികൾക്ക് മിഴിവേകി. കൊച്ചുകുട്ടികൾക്ക് വേണ്ടി നടത്തിയ രണ്ടുമാസത്തെ കളിവീടും ഏറെ മനോഹരമായിരുന്നു.

❖ **ശിലാസ്ഥാപനം:**

2018 ഏപ്രിൽ 16–ന് കുറ്റൂർ സീയോൻ സെന്ററിൽ പ്രവർത്തിച്ചുവരുന്ന ഷേൺസ്റ്റാട്ട് അക്കാദമിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചുകൊണ്ട് ജനറൽ സുപ്പീരിയർ ബഹു. ഫാ. ഹുവാൻ പാബ്ലോ പുതിയ കോളേജ് സമുച്ചയത്തിന്റെ ശിലാസ്ഥാപനകർമ്മം നടത്തി.

❖ **ഡീക്കൻപട്ടം സ്വീകരിച്ചു**

ബ്ര. ക്രിസ്റ്റോ ആന്റണി കാരക്കാട്ട് ലാറ്റിൻ അമേരിക്കൻ രാജ്യമായ ചിലിയിലെ സാന്റിയാഗോയിൽ വെച്ച് 2018 മെയ് 5–ാം തിയ്യതി ഡീക്കൻപട്ടം സ്വീകരിച്ചു.

❖ **ടീച്ചേഴ്സ് സെമിനാർ**

കുറ്റൂർ ഷേൺസ്റ്റാട്ട് അക്കാദമിയിലെ അധ്യാപകരുടെ സെമിനാർ 2018 മെയ് 2,3 ദിവസങ്ങളിൽ ഡോ. ജോയി പുതുശ്ശേരിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു.

❖ **മൂവ്മെന്റ് സെമിനാർ**

കുടുംബങ്ങൾക്ക് വേണ്ടിയുള്ള ഷേൺസ്റ്റാട്ട് അപ്പസ്തോല പ്രവർത്തനങ്ങളുടെ ഭാഗമായുള്ള സെമിനാർ മെയ് 21 മുതൽ 25 വരെ ആലുവ ഷേൺസ്റ്റാട്ട് റീജനൽ ഹൗസിൽ വച്ചു നടത്തി. ഷേൺസ്റ്റാട്ട് സിസ്റ്റേഴ്സ്, എം.ടി.എ റീജിയനിലെ ഷേൺസ്റ്റാട്ട് വൈദികരും സംയുക്തമായി പ്രസ്തുത സെമിനാറിൽ പങ്കുകൊണ്ടു.

❖ **സാൾട്ട് വിനോദയാത്ര**

സാൾട്ടിന്റെ പ്രവർത്തനങ്ങളിൽ സഹകാരികളായ മാതാപിതാക്കളും യുവജനങ്ങളും ചേർന്ന് ഒരു ദിവസത്തെ ഉല്ലാസയാത്ര നടത്തി.

❖ **ഫാമിലി കോൺഫറൻസ്**

കെന്റണിക് വർഷത്തോടനുബന്ധിച്ച് ദമ്പതികൾക്ക് വേണ്ടി 2018 മെയ് 12–ന് കുറ്റൂർ സീയോൻ സെന്ററിൽ ഡോ. ജോയി പുതുശ്ശേരിയുടെ നേതൃത്വത്തിൽ സെമിനാർ സംഘടിപ്പിച്ചു.

❖ **വൈദികവസ്ത്ര സ്വീകരണം**

നോവിഷ്യറ്റ് പൂർത്തിയാക്കിയ ജെസ്വിൻ, റോയി, നെൽസൺ, ജിന്റോ എന്നിവർ 2018 ഏപ്രിൽ 14–ാം ബെംഗുളൂരുവിലെ കെന്റണിക് വിദ്യാനികേതനിൽ നടന്ന തിരുക്കർമ്മത്തിൽ വച്ച് വൈദിക വസ്ത്രമായ ളോഹ സ്വീകരിച്ചു.

❖ **കെന്റണിക്ക് കോർണർ**

ബെംഗുളൂരുവിലെ പുതിയ ഷേൺസ്റ്റാട്ട് മൂവ്മെന്റ് സെന്ററായ ഷാലോമിൽ 2018 ഏപ്രിൽ 5–ന് ജനറൽ സുപ്പീരിയർ ബഹുമാനപ്പെട്ട ഫാ. ഹുവാൻ പാബ്ലോ, സ്ഥാപകനും പിതാവുമായ കെന്റണിക്കച്ചന്റെ രൂപം ആശീർവദിച്ചു.









ഡീക്കൻപട്ടം സ്വീകരണചടങ്ങ്





കെന്റണിക്ക് വർഷ ഫാമിലി കോൺഫറൻസ്



ടീച്ചേഴ്സ് സെമിനാർ



മൂവ്മെന്റ് സെമിനാർ



വൈദികവസ്ത്ര സ്വീകരണ
ചടങ്ങിൽ നിന്നും




കുറ്റൂർ കോളേജ് സമുച്ചയത്തിന്റെ
ശിലാസ്ഥാപനം

# ഷേൺസ്റ്റാട്ട് വൈദീക സമൂഹത്തിലേക്ക്

# സ്വാഗതം







അമ്മേ, നിന്റെ ഉപകരണങ്ങളാകുവാൻ ഞങ്ങളിതാ വരുന്നു!
അനുഗ്രഹദാനങ്ങളുടെ ദാതാവായ അമ്മേ, ഞങ്ങളുടെ കുടുംബ
കൂട്ടായ്മയെ ഹൃദയങ്ങളിൽ നിന്ന് ഹൃദയങ്ങളിലേക്കും രാജ്യങ്ങളിൽ നിന്ന്
രാജ്യങ്ങളിലേക്കും വ്യാപിപ്പിച്ച് ദൃഢമാക്കണമെ.!

ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നൽകുവാൻ....
മാതാവിന്റെ അപ്പസ്തോലൻമാരാകുവാൻ...
പരി. അമ്മയോടും ഞങ്ങളോടുമൊത്ത് സ്നേഹ ഉടമ്പടിയിൽ ജീവിക്കുവാൻ...
ഫാദർ ജോസഫ് കെന്റണിക്കിനെപ്പോലെ സഭയെ സ്നേഹിക്കുവാൻ
താൽപര്യമുള്ള യുവാക്കളെ ക്ഷണിക്കുന്നു.

**ബന്ധപ്പെടേണ്ട വിലാസം:**


**Vocation Promoter**
Mary Matha Schoenstatt Bhavan
Anathadam, Aloor, Thrissur-680 683
Ph: 0480-2723164

**Vocation Promoter**
Sion Centre, Schoenstatt Fathers
Kuttur P.O., Thrissur, Kerala-680 013
Ph: 0487-2383306

**Vocation Promoter**
Schoenstatt Study House
P.B. No. 618, Aluva-683 102
Ph: 0484-2606450